കേന്ദ്ര ഗവൺമെന്റ്
നിയമ നീതിന്യായ കമ്പനികാര്യ മന്ത്രാലയം

(LEGISLAT)IVE) COMMISSION ... KERALA, TRIVAN(DRUM)
2356

सत्यमेव जयते

# സാമാന വില്പന ആക്റ്റ്, 1930

## (1930-ലെ 3-ാം ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

(LEGISLATIVE) COMMISSION & OFFICIAL LANGUAGE KERALA, TRIVANDRUM
2358

सत्यमेव जयते

# സാമാന വില്പന ആക്റ്റ്, 1930

(1930-ലെ 3-ാം ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1976

© കേന്ദ്രഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# സാമാന വില്പന ആക്റ്റ്, 1930

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും
2. നിർവ്വചനങ്ങൾ.
3. 1872-ലെ 9-ാം ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാക്കൽ.

### അദ്ധ്യായം II

### കാൺട്രാക്റ്റിന്റെ രൂപവൽക്കരണം

വില്പന കാൺട്രാക്റ്റ്.

4. വില്പനയും വില്പനയ്ക്കുള്ള കരാറും.

കാൺട്രാക്റ്റിന്റെ ചടങ്ങുകൾ

5. വില്പനക്കാൺട്രാക്റ്റ് എങ്ങനെ ഉണ്ടാക്കുന്നു എന്ന്.

കാൺട്രാക്റ്റിന്റെ വിഷയം

6. നിലവിലുള്ള സാമാനങ്ങൾ അല്ലെങ്കിൽ ഭാവി സാമാനങ്ങൾ.
7. കാൺട്രാക്റ്റ് ഉണ്ടാക്കുന്നതിനുമുമ്പ് സാമാനങ്ങൾ നശിച്ചുപോകുന്നത്.
8. വില്പനയ്ക്കുമുമ്പും വില്പനയ്ക്കുള്ള കരാറിനു പിമ്പും സാമാനങ്ങൾ നശിച്ചുപോകുന്നത്.

വില

9. വില തിട്ടപ്പെടുത്തൽ.
10. മൂല്യനിർണ്ണയത്തിൻമേൽ വില്പനയ്ക്കുള്ള കരാർ.

ഉപാധികളും വാറൻറികളും

11. സമയം സംബന്ധിച്ച നിശ്ചയങ്ങൾ.
12. ഉപാധിയും വാറൻറിയും.
13. ഉപാധിയെ എപ്പോൾ വാറൻറിയായി കണക്കാക്കണമെന്ന്.
14. അവകാശം മുതലായവ സംബന്ധിച്ച് വ്യംഗ്യമായ ഏലയ്ക്കൽ.
15. വിവരണാനുസാരമായ വില്പന.
16. ക്വാളിററിയോ യോജ്യതയോ സംബന്ധിച്ച വ്യംഗ്യമായ ഉപാധികൾ.
17. സാമ്പിളനുസരിച്ചുള്ള വില്പന.

### അദ്ധ്യായം III

### കാൺട്രാക്റ്റിന്റെ പ്രഭാവം

വില്ക്കുന്നവനും വാങ്ങുന്നവനും തമ്മിൽ സ്വത്വം കൈമാറുന്നത്

18. സാമാനങ്ങൾ തിട്ടപ്പെടുത്തിയിരിക്കണമെന്ന്.
19. സ്വത്വം സംക്രമിക്കണമെന്ന് ഉദ്ദേശിക്കുന്ന സമയത്ത് സംക്രമിക്കുന്നു.

വകുപ്പുകൾ
20. ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലുള്ള വിനിർദ്ദിഷ്ട സാമാനങ്ങൾ.
21. ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലാക്കേണ്ട വിനിർദ്ദിഷ്ട സാമാനങ്ങൾ.
22. ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലുള്ള വിനിർദ്ദിഷ്ട സാമാനങ്ങൾ, അവ സംബന്ധിച്ച് വില്ക്കുന്നവൻ വില തിട്ടപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതുള്ളപ്പോൾ.
23. തിട്ടപ്പെടുത്താത്ത സാമാനങ്ങളുടെ വില്പനയും വിനിയോഗവും.

കാരിയർക്കുള്ള ഡെലിവറി

24. അംഗീകാരത്തിനോ അല്ലെങ്കിൽ "വില്പനയ്ക്കോ തിരിച്ചുകൊടുക്കലിനോ" അയച്ചിട്ടുള്ള സാമാനങ്ങൾ.
25. കൈയൊഴിക്കുവാനുള്ള അവകാശം വച്ചുപോരുന്നത്.
26. നഷ്ടസാദ്ധ്യത പ്രഥമദൃഷ്ടിയിൽ സ്വത്വത്തോടൊപ്പം സംക്രമിക്കുമെന്ന്.

അവകാശത്തിന്റെ കൈമാററം

27. ഉടമസ്ഥനല്ലാത്ത ആൾ നടത്തുന്ന വില്പന.
28. കൂട്ടുടമസ്ഥരിൽ ഒരാൾ നടത്തുന്ന വില്പന.
29. ശൂന്യമാക്കാവുന്ന കാൺട്രാക്ററിൻകീഴിൽ സാമാനങ്ങൾ കൈവശമുള്ള ആൾ നടത്തുന്ന വില്പന.
30. വില്പനയ്ക്കുശേഷം വില്ക്കുന്നവനോ വാങ്ങുന്നവനോ കൈവശം വയ്ക്കുന്നത്.

അദ്ധ്യായം IV

കാൺട്രാക്ററിന്റെ നിർവ്വഹണം

31. വില്ക്കുന്നവന്റേയും വാങ്ങുന്നവന്റേയും കർത്തവ്യങ്ങൾ.
32. വിലനല്കലും ഡെലിവറിയും സമവർത്തിയായ ഉപാധികളാണെന്ന്.
33. ഡെലിവറി.
34. ഭാഗികമായ ഡെലിവറിയുടെ പ്രഭാവം.
35. വാങ്ങുന്നവൻ ഡെലിവറിയ്ക്ക് അപേക്ഷിക്കണമെന്ന്.
36. ഡെലിവറി സംബന്ധിച്ച ചട്ടങ്ങൾ.
37. തെററായ പരിമാണത്തിലുള്ള ഡെലിവറി.
38. തവണകളായുള്ള ഡെലിവറികൾ.
39. കാരിയർക്കോ പാതാറുടമയ്ക്കോ ഉള്ള ഡെലവറി.
40. വിദൂരസ്ഥലത്ത് സാമാനങ്ങൾ ഡെലിവർ ചെയ്യുമ്പോഴുള്ള നഷ്ടസാദ്ധ്യത.
41. സാമാനങ്ങൾ പരിശോധിക്കുന്നതിന് വാങ്ങുന്നവനുള്ള അവകാശം
42. പ്രതിഗ്രഹണം.
43. നിരസിച്ച സാമാനങ്ങൾ മടക്കുവാൻ വാങ്ങുന്നവൻ ബാദ്ധ്യസ്ഥനല്ലെന്ന്.
44. സാമാനങ്ങൾ ഡെലിവറി എടുക്കുന്നതിന് ഉപേക്ഷ കാണിക്കുകയോ അത് നിരസിക്കുകയോ ചെയ്താൽ വാങ്ങുന്നവന്റെ ബാദ്ധ്യത.

അദ്ധ്യായം V

വകുപ്പുകൾ

## വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് സാമാനങ്ങളിലുള്ള അവകാശങ്ങൾ

45. "വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവൻ"—നിർവ്വചനം.
46. വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന്റെ അവകാശങ്ങൾ.

### വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന്റെ ലീൻ

47. വില്ക്കുന്നവന്റെ ലീൻ.
48. ഭാഗികമായ ഡെലിവറി.
49. ലീൻ അവസാനിക്കൽ.

### മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തൽ

50. മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തുന്നതിനുള്ള അവകാശം.
51. മാർഗ്ഗമദ്ധ്യത്തിൽ ആയിരിക്കുന്ന കാലം.
52 മാർഗ്ഗമദ്ധ്യേയുള്ള തടഞ്ഞുനിറുത്തൽ എങ്ങനെ നടത്തുന്നു എന്ന്. വാങ്ങുന്നവനും വില്ക്കുന്നവനും ചെയ്യുന്ന കൈമാററം
53. വാങ്ങുന്നവന്റെ ഉപവില്പനയുടെയോ പണയത്തിന്റെയോ പ്രഭാവം.
54. ലീനോ, മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തലോമൂലം സാമാന്യമായി വില്പന റദ്ദാക്കുന്നില്ലെന്ന്.

അദ്ധ്യായം VI

## കാൺട്രാക്ററ് ലംഘനത്തിനുള്ള വ്യവഹാരങ്ങൾ

55. വിലയ്ക്കുള്ള വ്യവഹാരം.
56. പ്രതിഗ്രഹിക്കാതിരിക്കുന്നതിനുള്ള നഷ്ടപരിഹാരം.
57. ഡെലിവർ ചെയ്യാതിരിക്കുന്നതിനുള്ള നഷ്ടപരിഹാരം.
58. പ്രത്യേക നിർവ്വഹണം.
59. വാറന്റിയുടെ ലംഘനത്തിനുള്ള നിവൃത്തിമാർഗ്ഗം.
60. നിശ്ചിത തീയതിക്കുമുമ്പ് കാൺട്രാക്ററ് നിരാകരിക്കുന്നത്.
61. നഷ്ടപരിഹാരമായുള്ള പലിശയും വിശേഷ നഷ്ടപരിഹാരവും.

അദ്ധ്യായം VII

## പലവക

62. വ്യംഗ്യമായ നിബന്ധനകളും ഉപാധികളും ഒഴിവാക്കൽ.
63. ന്യായമായ സമയം ഒരു വസ്തുതാ പ്രശ്നമാണെന്ന്.
64. ലേലവില്പന.
64 ക. വില്പനക്കാൺട്രാക്ററുകളിൽ വർദ്ധിപ്പിച്ചതോ കുറച്ചതോ ആയ നികുതികൾ കൂട്ടുകയോ കുറവു ചെയ്യുകയോ ചെയ്യണമെന്ന്.
65. റദ്ദാക്കൽ.
66. ഒഴിവാക്കൽ.

# സാമാന വില്പന ആക്റ്റ്, 1930

(1930-ലെ 3-ാം ആക്റ്റ്)

## സാമാനങ്ങളുടെ വില്പന സംബന്ധിച്ച നിയമം നിർവ്വചിക്കുവാനും ഭേദഗതി ചെയ്യുവാനും ഉള്ള ആക്റ്റ്.

[1930 മാർച്ച്, 15]

സാമാനങ്ങളുടെ വില്പന സംബന്ധിച്ച നിയമം നിർവ്വചിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കയാൽ, ഇതിനാൽ താഴെ പറയുംപ്രകാരം അധി നിയമം ചെയ്തിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന് സാമാന വില്പന ആക്റ്റ്, 1930 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് 1930 ജൂലൈ 1-ാം ദിവസം പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(1) ''വാങ്ങുന്നവൻ'' എന്നാൽ സാമാനങ്ങൾ വാങ്ങുകയോ വാങ്ങുവാൻ കരാർ ചെയ്യുകയോ ചെയ്യുന്ന ആൾ എന്ന് അർത്ഥമാകുന്നു ;

(2) ''ഡെലിവറി'' എന്നാൽ ഒരാൾ മറെറാരാൾക്ക് സ്വേച്ഛയാ കൈവശം കൈമാറുന്നത് എന്ന് അർത്ഥമാകുന്നു ;

(3) വാങ്ങുന്നവൻ, സാമാനങ്ങൾ ഡെലിവറി എടുക്കുവാൻ കാൺട്രാക്റ്റിൻപ്രകാരം ബാദ്ധ്യസ്ഥനാകുന്ന സ്ഥിതിയിലാകുമ്പോൾ, അവ ''ഡെലിവർ ചെയ്യാവുന്ന സ്ഥിതി''യിലാണെന്ന് പറയപ്പെടുന്നു ;

(4) ''സാമാനങ്ങളുടെ അവകാശ രേഖ'' എന്നതിൽ, സാമാനങ്ങളുടെ കൈവശമോ നിയന്ത്രണമോ തെളിയിക്കുന്നതായി സാധാരണ ബിസിനസ്സ് മുറയിൽ ഉപയോഗിക്കപ്പെടുന്നതോ, അല്ലെങ്കിൽ ഏത് രേഖയാണോ അത് പ്രതി നിധാനം ചെയ്യുന്ന സാമാനങ്ങൾ കൈമാററം ചെയ്യുവാനോ കൈപ്പററുവാനോ എണ്ടോഴ്സ്മെൻറ് വഴിയോ ഡെലിവറി വഴിയോ ആ രേഖയുടെ കൈവശക്കാരൻ പ്രാധികാരം നല്കുകയോ നല്കുന്നതായി കരുതപ്പെടുകയോ ചെയ്യുന്നത്, അങ്ങനെയുള്ളതോ ആയ കേവുപത്രം, ഡാക്ക്വാറൻറ്, പണ്ടകശാല സൂക്ഷിപ്പുകാരൻെറ സർട്ടിഫിക്കററ്, പാതാറുടമയുടെ സർട്ടിഫിക്കററ്, റെയിൽവെ രസീത്, സാമാനങ്ങൾ ഡെലിവർ ചെയ്യാനുള്ള വാറണ്ട് അല്ലെങ്കിൽ ആർഡർ എന്നിവയും, മറേറതെങ്കിലും രേഖയും ഉൾപ്പെടുന്നു ;

(5) ''ദോഷം'' എന്നാൽ അന്യായമായ കൃത്യം അല്ലെങ്കിൽ വീഴ്ച എന്ന് അർത്ഥമാകുന്നു ;

(6) ''ഭാവി സാമാനങ്ങൾ'' എന്നാൽ വില്പനക്കാൺട്രാക്റ്റ് ഉണ്ടാക്കിയതിനുശേഷം വില്ക്കുന്നവൻ നിർമ്മിക്കുകയോ ഉത്പാദിപ്പിക്കുകയോ, ആർജ്ജിക്കുകയോ ചെയ്യേണ്ട സാമാനങ്ങൾ എന്ന് അർത്ഥമാകുന്നു ;

(7) ''സാമാനങ്ങരം'' എന്നാൽ വ്യവഹാരപ്പെടാവുന്ന തേർച്ചകളും പണവും ഒഴികെ ഏതു് തരത്തിലുമുള്ള ജംഗമവസ്തു എന്ന് അർത്ഥമാകുന്നതും ; സ്ററാക്കും ഷെയറുകളും, വളരുന്ന വിളകളും, പുല്ലും, ഭൂബദ്ധമോ ഭൂമിയുടെ ഭാഗമോ ആയവയും വില്പനയ്ക്ക് മുമ്പോ വില്പനക്കാൺട്രാക്ററിൻ കീഴിലോ വേർപ്പെടുത്തുന്നതാണെന്ന് കരാർ ചെയ്തിട്ടുള്ളതുമായ സാധനങ്ങളും ഉരംപ്പെടുന്നതുമാകുന്നു ;

(8) ഒരാരം ഒരു നിർദ്ധനതാകൃത്യം ചെയ്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സാധാരണ ബിസിനസുമുറയിൽ തൻെറ കടങ്ങരം വീട്ടുന്നത് അവസാനിപ്പിച്ചിരിക്കുകയോ അവ കൊടുക്കേണ്ടതായി തീരുമ്പോരം കൊടുക്കാൻ കഴിയാതെ വരികയോ ചെയ്യുന്ന ആളെ ''നിർദ്ധനൻ'' എന്നു പറയുന്നു ;

(9) ''കച്ചവട ഏജൻറ്'' എന്നാൽ ഒരു കച്ചവട ഏജൻറ് എന്ന നിലയിൽ, പതിവ് ബിസിനസ്സ് മുറയിൽ സാമാനങ്ങരം വില്ക്കുന്നതിനോ വില്പനയ്ക്ക് കൺസൈൻ ചെയ്യുന്നതിനോ, വാങ്ങുന്നതിനോ, സാമാനങ്ങളുടെ ഈടിൻമേൽ പണം കടമെടുക്കുന്നതിനോ പ്രാധികാരമുള്ള കച്ചവട ഏജൻറ് എന്ന് അർത്ഥമാകുന്നു ;

(10) ''വില'' എന്നാൽ സാമാനങ്ങളുടെ വില്പനയ്ക്കുള്ള പണമായ പ്രതിഫലം എന്ന് അർത്ഥമാകുന്നു ;

(11) ''സ്വത്വം'' എന്നാൽ സാമാനങ്ങളിലുള്ള പ്രത്യേക സ്വത്വം മാത്രമല്ല, സാമാന്യമായ സ്വത്വം എന്നും അർത്ഥമാകുന്നു ;

(12) ''സാമാനങ്ങളുടെ ക്വാളിററി'' എന്നതിൽ അവയുടെ സ്ഥിതിയോ അവസ്ഥയോ ഉരംപ്പെടുന്നു ;

(13) ''വില്ക്കുന്നവൻ'' എന്നാൽ സാമാനങ്ങരം വില്ക്കുകയോ വില്ക്കുവാൻ കരാറു ചെയ്യുകയോ ചെയ്യുന്ന ഒരാരം എന്ന് അർത്ഥമാകുന്നു ;

(14) ''വിനിർദ്ദിഷ്ട സാമാനങ്ങരം'' എന്നാൽ വില്പനക്കാൺട്രാക്ററ് ഉണ്ടാക്കിയ സമയത്ത് അനന്യത ഉറപ്പിക്കുകയും കരാർ ചെയ്യുകയും ചെയ്ത സാമാനങ്ങരം എന്ന് അർത്ഥമാകുന്നു ;

(15) ഈ ആക്ററിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 (1872-ലെ 9)-ൽ നിർവ്വചിക്കുകയും ചെയ്തിട്ടുള്ള പദങ്ങരംക്ക്, ആ ആക്ററിൽ നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. 1872-ലെ 9-ാം ആക്ററിലെ വ്യവസ്ഥകരം ബാധകമാക്കൽ.—ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872-ലെ റദ്ദാക്കപ്പെടാത്ത വ്യവസ്ഥകരം, ഈ ആക്ററിലെ പ്രകടമായ വ്യവസ്ഥകരംക്ക് അസംഗതമാകുന്നിടത്തോളമൊഴികെ, സാമാനങ്ങളുടെ വില്പനയ്ക്കുള്ള കാൺട്രാക്ററുകരംക്ക് തുടർന്ന് ബാധകമാകുന്നതാണ്.

## അദ്ധ്യായം II

## കാൺട്രാക്ററിൻെറ രൂപവൽക്കരണം

### വില്പനക്കാൺട്രാക്ററ്

4. വില്പനയും വില്പനയ്ക്കുള്ള കരാറും.—(1) സാമാനവില്പന കാൺട്രാക്ററ്, വില്ക്കുന്നവൻ വാങ്ങുന്നവന് സാമാനങ്ങളിലെ സ്വത്വം ഒരു വിലയ്ക്ക് കൈമാറുകയോ കൈമാറാൻ കരാർ ചെയ്യുകയോ ചെയ്യുന്ന കാൺട്രാക്ററാകുന്നു. ഒരു ഭാഗിക ഉടമസ്ഥനും മറെറാരു ഭാഗിക ഉടമസ്ഥനും തമ്മിൽ വില്പനയ്ക്കുള്ള ഒരു കാൺട്രാക്ററ് ഉണ്ടാകാവുന്നതാണ്.

(2) വില്പനക്കാൺട്രാക്ററ് പരിപൂർണ്ണമോ അല്ലെങ്കിൽ സോപാധികമോ ആയിരിക്കാവുന്നതാണ്.

(3) വില്പനക്കാൺട്രാക്ററിൻ കീഴിൽ സാമാനങ്ങളിലെ സ്വത്വം വില്ക്കുന്നവനിൽനിന്ന് വാങ്ങുന്നവന്ന് കൈമാറുന്നിടത്ത്, കാൺട്രാക്ററിനെ വില്പന എന്ന് പറയുന്നു; എന്നാൽ സാമാനങ്ങളിലെ സ്വത്വത്തിന്റെ കൈമാററം നടക്കേണ്ടത് ഭാവിയിൽ ഒരു സമയത്തോ പിന്നീട് നിറവേറേറണ്ട വല്ല ഉപാധിക്കും വിധേയമായിട്ടോ ആകുന്നിടത്ത്, കാൺട്രാക്ററിനെ വില്പനയ്ക്കുള്ള കരാർ എന്നു പറയുന്നു.

(4) ഏതൊരു സമയത്തിനോ ഉപാധികൾക്കോ വിധേയമായിട്ടാണോ സാമാനങ്ങളിലെ സ്വത്വം കൈമാറേണ്ടത്, ആ സമയം കഴിയുകയോ ഉപാധികൾ നിറവേററുകയോ ചെയ്യുമ്പോൾ വില്പനയ്ക്കുള്ള കരാർ ഒരു വില്പനയായി ത്തീരുന്നു.

## കാൺട്രാക്ററിന്റെ ചടങ്ങുകൾ

5. വില്പനക്കാൺട്രാക്ററ് എങ്ങിനെ ഉണ്ടാക്കുന്നു എന്ന്.—(1) സാമാനങ്ങൾ വിലയ്ക്കു വാങ്ങുകയോ വില്ക്കുകയോ ചെയ്യാനുള്ള ഒരു ആഫറിനാലും അങ്ങനെയുള്ള ആഫറിന്റെ പ്രതിഗ്രഹണത്താലും ആണ് വില്പന കാൺട്രാക്ററ് ഉണ്ടാക്കപ്പെടുന്നത്. സാമാനങ്ങൾ ഉടൻതന്നെ ഡെലിവർ ചെയ്യുന്നതിനോ വില ഉടൻതന്നെ കൊടുക്കുന്നതിനോ, രണ്ടും ചെയ്യുന്നതിനോ അല്ലെങ്കിൽ തവണകളായി ഡെലിവർ ചെയ്യുന്നതിനോ വില കൊടുക്കുന്നതിനോ, അല്ലെങ്കിൽ ഡെലിവറിയോ വില കൊടുക്കലോ അല്ലെങ്കിൽ രണ്ടും നീട്ടിവയ്ക്കുന്നതിനോ കാൺട്രാക്ററിന് വ്യവസ്ഥചെയ്യാവുന്നതാണ്.

(2) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, വില്പനക്കാൺട്രാക്ററ് ലിഖിതത്താലോ വാക്കാലോ ആയോ അല്ലെങ്കിൽ ഭാഗികമായി ലിഖിതത്തിലും ഭാഗികമായി വാക്കാലും ആയോ, ഉണ്ടാക്കാവുന്നതോ അല്ലെങ്കിൽ കക്ഷികളുടെ പെരുമാററത്തിൽനിന്ന് വ്യംഗ്യമാവുന്നതോ ആകുന്നു.

## കാൺട്രാക്ററിന്റെ വിഷയം

6. <u>നിലവിലുള്ള സാമാനങ്ങൾ അല്ലെങ്കിൽ ഭാവിസാമാനങ്ങൾ</u>.— (1) വില്പനക്കാൺട്രാക്ററിന് വിഷയമാകുന്ന സാമാനങ്ങൾ, വില്ക്കുന്നവന് ഉടമാവകാശമുള്ളതോ കൈവശമുള്ളതോ ആയ നിലവിലുള്ള സാമാനങ്ങൾ അല്ലെങ്കിൽ ഭാവി സാമാനങ്ങൾ ആകാവുന്നതാണ്.

(2) വില്ക്കുന്നവൻ ഏത് സാമാനങ്ങൾ ആർജ്ജിക്കുന്നതാണോ, ഉണ്ടാവുകയോ ഉണ്ടാകാതിരിക്കുകയോ ചെയ്യാവുന്ന ഒരു അനിശ്ചിത സംഭവത്തെ ആശ്രയിച്ചിരിക്കുന്നത്, അങ്ങനെയുള്ള സാമാനങ്ങളുടെ വില്പനയ്ക്ക് ഒരു കാൺട്രാക്ററ് ഉണ്ടാകാവുന്നതാണ്.

(3) വില്ക്കുന്നവൻ, വില്പനക്കാൺട്രാക്ററുവഴി ഭാവിസാമാനങ്ങളുടെ വർത്തമാന വില്പന നടത്തുന്നതായിതോന്നുന്നിടത്ത്, ആ കാൺട്രാക്ററ് സാമാനങ്ങളുടെ വില്പനയ്ക്കുള്ള കരാറായി പ്രവർത്തിക്കുന്നു.

7. കാൺട്രാക്ററ് ഉണ്ടാക്കുന്നതിന് മുമ്പ് സാമാനങ്ങൾ നശിച്ചുപോകുന്നത്.— വിനിർദ്ദിഷ്ടമായസാമാനങ്ങളുടെ വില്പനയ്ക്ക്കാൺട്രാക്ററുള്ളിടത്ത്, വില്ക്കുന്നവൻ അറിയാതെ കാൺട്രാക്ററ് ഉണ്ടാക്കപ്പെട്ട സമയത്ത് സാമാനങ്ങൾ നശിച്ചുപോവുകയോ കാൺട്രാക്ററിലെ വിവരണത്തോട് യോജിക്കാത്തവിധം അവയ്ക്ക് നാശനഷ്ടം ഉണ്ടാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ, കാൺട്രാക്ററ് ശൂന്യമാകുന്നു.

8. വില്പനയ്ക്കു മുമ്പുംവില്പനയ്ക്കുള്ളകരാറിന് പിമ്പും സാമാനങ്ങൾ നശിച്ചുപോകുന്നത്.— വിനിർദ്ദിഷ്ടമായ സാമാനങ്ങളുടെ വില്പനയ്ക്ക് കരാറുണ്ടായിരിക്കുകയും, അതിനുശേഷം നഷ്ടസാധ്യത വാങ്ങുന്നവനിലേയ്ക്ക് മാറുന്നതിന് മുമ്പ് വില്ക്കുന്നവൻേറയോ വാങ്ങുന്നവൻേറയോ ഭാഗത്തുനിന്ന് യാതൊരു ദോഷവും ഇല്ലാതെ സാമാനങ്ങൾ നശിച്ചുപോവുകയോ അല്ലെങ്കിൽ കരാറിലെ വിവരണത്തോട് യോജിക്കാത്തവിധം അവയ്ക്ക് നാശനഷ്ടം ഉണ്ടാവുകയോ ചെയ്യുകയും ചെയ്യുന്നിടത്ത് കരാർ അതുവഴി ശൂന്യമാക്കപ്പെടുന്നു.

## വില

9. വില തിട്ടപ്പെടുത്തൽ.— (1) വില്പനക്കാൺട്രാക്ററിലെ വില കാൺട്രാക്ററിനാൽ നിജപ്പെടുത്താവുന്നതോ അതിൽ കരാർ ചെയ്ത വിധം നിജപ്പെടുത്താൻ വിടാവുന്നതോ, കക്ഷികൾ തമ്മിലുള്ള ഇടപാടു സംപ്രദായത്താൽ നിശ്ചയിക്കപ്പെടാവുന്നതോ ആകുന്നു.

(2) മുൻ പറഞ്ഞ വ്യവസ്ഥകളനുസരിച്ച് വില നിശ്ചയിട്ടില്ലെങ്കിൽ വാങ്ങുന്നവൻ വില്ക്കുന്നവന് ന്യായമായ വില നല്കേണ്ടതാകുന്നു. ന്യായമായ വില എന്താണെന്നുള്ളത് ഓരോ പ്രത്യേക സംഗതിയുടേയും പരിത:സ്ഥിതികളെ ആശ്രയിക്കുന്ന വസ്തുതാ പ്രശ്നമാകുന്നു.

10. മൂല്യ നിർണ്ണയത്തിൻമേൽ വില്പനയ്ക്കുള്ള കരാർ.— (1) മൂന്നാം കക്ഷിയുടെ മൂല്യ നിർണ്ണയത്തിൻമേൽ വില നിശ്ചയിക്കപ്പെടണമെന്ന നിബന്ധനയിൻമേൽ സാമാനങ്ങളുടെ വില്പനക്കുള്ള ഒരു കരാർ ഉണ്ടായിരിക്കുകയും, ആ മൂന്നാം കക്ഷിക്ക് അങ്ങനെയുള്ള മൂല്യനിർണ്ണയം ചെയ്യാൻ കഴിയാതെ വരികയും അല്ലെങ്കിൽ അയാൾ അത് ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത്, കരാർ അതുവഴി ശൂന്യമാക്കപ്പെടുന്നു :

എന്നാൽ, സാമാനങ്ങളോ അവയുടെ ഏതെങ്കിലും ഭാഗമോ വാങ്ങുന്നവന് ഡെലിവർ ചെയ്യുകയും അയാൾ അവ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അയാൾ അവയ്ക്ക് ന്യായമായ വില നല്കേണ്ടതാകുന്നു.

(2) വില്ക്കുന്നവൻേറയോ വാങ്ങുന്നവൻേറയോ ദോഷത്താൽ അങ്ങനെയുള്ള മൂന്നാം കക്ഷി മൂല്യ നിർണ്ണയത്തിൽ നിന്ന് തടയപ്പെടുമ്പോൾ, നിർദ്ദോഷകക്ഷിക്ക്, സദോഷകക്ഷിക്കെതിരെ നഷ്ടപരിഹാരത്തിനുള്ള വഹിക്കത്തക്ക ഒരു വ്യവഹാരം കൊണ്ടുവരാവുന്നതാണ്.

## ഉപാധികളും വാറൻറികളും

11. സമയം സംബന്ധിച്ച് നിശ്ചയങ്ങൾ.— കാൺട്രാക്ററിലെ നിബന്ധകളിൽ വ്യത്യസ്തമായ ഉദ്ദേശ്യം കാണാത്തപക്ഷം, പണം കൊടുക്കേണ്ട സമയം സംബന്ധിച്ച നിശ്ചയങ്ങൾ വില്പനക്കാൺട്രാക്ററിൻെറ സാരാംശമായി കരുതപ്പെടുന്നതല്ല. സമയം സംബന്ധിച്ച മറേറതെങ്കിലും നിശ്ചയം കാൺട്രാക്ററിൻെറ സാരാംശമാണോ അല്ലയോ എന്നുള്ളത് കാൺട്രാക്ററിലെ നിബന്ധനകളെ ആശ്രയിച്ചിരിക്കുന്നു.

12. ഉപാധിയും വാറൻറിയും.— (1) വില്പനക്കാൺട്രാക്ററിൽ, അതിന് വിഷയമാകുന്ന സാമാനങ്ങളെ പരാമർശിക്കുന്ന ഒരു നിശ്ചയം ഉപാധിയോ വാറൻറിയോ ആകാവുന്നതാണ്.

(2) കാൺട്രാക്ററിൻെറ മുഖ്യോദ്ദേശ്യത്തിന് ആവശ്യമായതും ഏതിൻെറലംഘനമാണോ കാൺട്രാക്ററ് നിരാകരിച്ചതായി കണക്കാക്കുവാൻ അവകാശം നല്കുന്നത്, അങ്ങനെയുള്ളതുമായ നിശ്ചയമാണ് ഉപാധി.

(3) കാൺട്രാക്ററിന്റെ മുഖ്യോദ്ദേശ്യത്തിന് ആനുഷംഗികമായതും, ഏതിന്റെ ലംഘനമാണോ നഷ്ടപരിഹാരത്തിനുള്ള അവകാശം നൽകുകയും എന്നാൽ സാമാനങ്ങൾ നിരസിക്കുവാനും കാൺട്രാക്ററ് നിരാകരിച്ചതായി കണക്കാക്കുവാനും ഉള്ള അവകാശം നല്കാതിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ളതു മായ നിശ്ചയമാണ് വാറന്റി.

(4) വില്പനക്കാൺട്രാക്ററിലെ ഒരു നിശ്ചയം ഒരു ഉപാധിയാണോ വാറന്റിയാണോ എന്നുള്ളത് ഓരോ സംഗതിയിലും കാൺട്രാക്ററിന്റെ അർത്ഥ കല്പനയെ ആശ്രയിച്ചിരിക്കുന്നു. കാൺട്രാക്ററിൽ ഒരു വാറന്റി എന്നു പറഞ്ഞാലും ഒരു നിശ്ചയം ഒരു ഉപാധി ആകാവുന്നതാണ്.

13. <u>ഉപാധിയെ എപ്പോൾ വാറന്റിയായി കണക്കാക്കണമെന്ന്.</u>— (1) വില്പനക്കാൺട്രാക്ററ്, വില്ക്കുന്നവൻ നിറവേററേണ്ട ഏതെങ്കിലും ഉപാധിയ്ക്കു വിധേയമാണെങ്കിൽ, വാങ്ങുന്നവന് ഉപാധിവേണ്ടെന്നുവയ്ക്കുകയോ അല്ലെങ്കിൽ ഐച്ഛികമായി ഉപാധിയുടെ ലംഘനം വാറന്റിയുടെ ഒരു ലംഘനമായും കാൺട്രാക്ററ് നിരാകരിക്കുന്നതിനുള്ള കാരണമല്ലാതെയും കണക്കാക്കുകയോ ചെയ്യാവുന്നതാണ്.

(2) ഒരു വില്പനക്കാൺട്രാക്ററ് വിഭാജ്യമല്ലാതിരിക്കുകയുംവാങ്ങുന്നവൻ സാമാനങ്ങളോ അവയുടെ ഭാഗമോ പ്രതിഗ്രഹിക്കുകയും ചെയ്തിട്ടുള്ളിടത്ത്, വില്ക്കുന്നവൻ നിറവേററേണ്ട ഏതെങ്കിലും ഉപാധിയുടെ ലംഘനം വാറന്റിയുടെ ലംഘനം മാത്രമായി കണക്കാക്കാവുന്നതും, കാൺട്രാക്ററിൽ പ്രകടമായോ വ്യംഗ്യമായോ ഉള്ള തദർത്ഥകമായ നിബന്ധനയില്ലാത്ത പക്ഷം സാമാനങ്ങൾ നിരാകരിക്കയും കാൺട്രാക്ററ് നിരാകരിച്ചതായി കണക്കാക്കുകയും ചെയ്യുവാനുള്ള കാരണമായി കണക്കാക്കാവുന്നതല്ലാത്തതും ആകുന്നു.

(3) ഈ വകുപ്പിലെ യാതൊന്നും അസാദ്ധ്യത കാരണമായോ മററുവിധത്തിലോ നിറവേററലിൽ നിന്ന് നിയമത്താൽ ഒഴിവാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉപാധിയുടേയോ വാറന്റിയുടേയോ സംഗതിയെ ബാധിക്കുന്നതല്ല.

14. <u>അവകാശം മുതലായവ സംബന്ധിച്ച് വ്യംഗ്യമായ ഏല്ക്കൽ .</u>— കാൺട്രാക്ററിന്റെ പരിതഃസ്ഥിതികൾ വ്യത്യസ്തമായ ഉദ്ദേശം കാണിക്കത്തക്കവയല്ലാത്ത പക്ഷം, വില്പനക്കാൺട്രാക്ററിൽ —

(ക) വില്പനയുടെ സംഗതിയിൽ വില്ക്കുന്നവന് സാമാനങ്ങൾ വില്ക്കുവാനുള്ള അവകാശമുണ്ടെന്നും, വില്പനയ്ക്കുള്ള കരാറിന്റെ സംഗതിയിൽ, സ്വത്വം കൈമാറുന്ന സമയത്ത് തനിക്ക് സാമാനങ്ങൾ വില്ക്കുവാനുള്ള അവകാശം ഉണ്ടാകുമെന്നും ഉള്ള വ്യംഗ്യമായ ഉപാധി ;

(ഖ) വാങ്ങുന്നവന് സാമാനങ്ങൾ നിർബാധം കൈവശം കിട്ടുകയും അനുഭവിക്കുവാൻ കഴിയുകയും ചെയ്യുമെന്നുള്ള വ്യംഗ്യമായ വാറന്റി ;

(ഗ) കാൺട്രാക്ററ് ഉണ്ടാക്കിയ സമയത്തിന് മുമ്പോ സമയത്തോ പ്രഖ്യാപിക്കപ്പെടുകയോ വാങ്ങുന്നവൻ അറിയുകയോ ചെയ്യാത്തതും, ഏതെങ്കിലും മൂന്നാം കക്ഷിക്കുള്ളതുമായ ഏത് ചാർജിൽ നിന്നും ഭാരബാദ്ധ്യതയിൽ നിന്നും സാമാനങ്ങൾ സ്വതന്ത്രമായിരിക്കുമെന്നുള്ള വ്യംഗ്യമായ വാറന്റി;

എന്നിവ ഉണ്ടായിരിക്കുന്നതാണ്.

15. <u>വിവരണാനുസാരമായ വില്പന.</u>—വിവരണം അനുസരിച്ച് സാമാനങ്ങൾ വില്ക്കുവാനുള്ള കാൺട്രാക്ററുള്ളപ്പോൾ, സാമാനങ്ങൾ വിവരണത്തോട് സദൃശമായിരിക്കുമെന്ന് വ്യംഗ്യമായ ഒരു ഉപാധിയുണ്ട് ; വില്പന സാമ്പിൾ

അനുസരിച്ചും വിവരണം അനുസരിച്ചും ആണെങ്കിൽ സാമാനങ്ങൾ വിവരണത്തിന് സദൃശമായിരിക്കുകയും ചെയ്യുന്നില്ലെങ്കിൽ മൊത്തം സാമാനങ്ങൾ സാമ്പിളിന് സദൃശമാണെന്നത് മതിയാവുന്നതല്ല.

16. കാളിററിയോ യോജ്യതയോ സംബന്ധിച്ച വ്യംഗ്യമായ ഉപാധികൾ.— ഈ ആക്ററിലേയും തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായി,

ഒരു വില്പന കാൺട്രാക്ററിൻ കീഴിൽ നല്കുന്ന സാമാനങ്ങളുടെ കാളിററിയോ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനുള്ള അവയുടെ യോജ്യതയോ സംബന്ധിച്ച്, താഴെ പറയുംപ്രകാരമൊഴികെ, വ്യംഗ്യമായ യാതൊരു വാറൻറിയോ ഉപാധിയോ ഇല്ലാത്തതാകുന്നു :—

(1) വില്ക്കുന്നവൻെറ നൈപുണ്യത്തിലോ നിർണ്ണയശക്തിയിലോ താൻ വിശ്വാസം അർപ്പിക്കുന്നു എന്ന് കാണിക്കുന്നവിധം ഏത് പ്രത്യേകാവശ്യത്തിനാണ് സാമാനങ്ങൾ വേണ്ടത് എന്ന് പ്രകടമായോ വ്യംഗ്യമായോ വാങ്ങുന്നവൻ വില്ക്കുന്നവനെ അറിയിക്കുകയും, ആ സാമാനങ്ങൾ അവ നല്കുന്നത്, വില്ക്കുന്നവൻെറ (അയാൾ നിർമ്മാതാവോ ഉത്പാദകനോ ആണെങ്കിലും അല്ലെങ്കിലും) ബിസിനസ് മുറയിൽപ്പെടുന്ന തരത്തിൽ ഉള്ളതാവുകയും ചെയ്താൽ, സാമാനങ്ങൾ അങ്ങനെയുള്ള ആവശ്യത്തിന് ന്യായമായി യോജ്യമായിരിക്കും എന്നുള്ള വ്യംഗ്യമായ ഒരു ഉപാധി ഉള്ളതാകുന്നു:

എന്നാൽ ഒരു വിനിർദ്ദിഷ്ട സാധനം അതിൻെറ പേററൻറ് പേരിലോ മററു വ്യാപാരപ്പേരിലോ വില്ക്കുന്നതിനുള്ള ഒരു കാൺട്രാക്ററിൻെറ സംഗതിയിൽ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനുള്ള അതിൻെറ യോജ്യത സംബന്ധിച്ച് വ്യംഗ്യമായ ഉപാധി ഇല്ലാത്തതാകുന്നു.

(2) സാമാനങ്ങൾ വിവരണാനുസാരം, ആ വിവരണത്തിലുള്ള സാമാനങ്ങൾ വ്യാപാരം ചെയ്യുന്നവനായിരിക്കെ വില്ക്കുന്നവനിൽനിന്ന്, (അയാൾ നിർമ്മാതാവോ ഉത്പാദകനോ ആണെങ്കിലും അല്ലെങ്കിലും) വാങ്ങുന്നിടത്ത് ആ സാമാനങ്ങൾ കച്ചവടത്തിന് പററിയ കാളിററിയുള്ളവയാണെന്ന് വ്യംഗ്യമായ ഒരു ഉപാധിയുള്ളതാകുന്നു :

എന്നാൽ, വാങ്ങുന്നവൻ സാമാനങ്ങൾ പരിശോധിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള പരിശോധന വെളിപ്പെടുത്തേണ്ടിയിരുന്ന ന്യൂനതകൾ സംബന്ധിച്ച വ്യംഗ്യമായ യാതൊരു ഉപാധിയും ഉണ്ടായിരിക്കുന്നതല്ല.

(3) കാളിററിയേയോ ഒരു പ്രത്യേക ആവശ്യത്തിനുള്ള യോഗ്യതയേയോ സംബന്ധിച്ച വ്യംഗ്യമായ ഒരു വാറൻറിയോ ഉപാധിയോ വ്യാപാരവഴക്കത്താൽ അനുബന്ധിക്കപ്പെടാവുന്നതാണ്.

(4) ഒരു പ്രകടമായ വാറൻറിയോ ഉപാധിയോ ഈ ആക്ററിലെ വ്യംഗ്യമായ ഒരു വാറൻറിയേയോ ഉപാധിയേയോ അതിനോട് അസംഗതമാകാത്ത പക്ഷം ഇല്ലാതാക്കുന്നതല്ല.

17. സാമ്പിൾ അനുസരിച്ചുള്ള വില്പന.— (1) കാൺട്രാക്ററിൽ സാമ്പിൾ അനുസരിച്ച് വില്ക്കുവാനുള്ള പ്രകടമോ വ്യംഗ്യമോ ആയ ഒരു നിബന്ധന ഉള്ളപ്പോൾ വില്പനക്കാൺട്രാക്ററ്, സാമ്പിൾ അനുസരിച്ചുള്ള വില്പനക്കാൺട്രാക്ററാകുന്നു.

(2) സാമ്പിൾ അനുസരിച്ച് വില്പനയ്ക്കുള്ള ഒരു കാൺട്രാക്ററിൻെറ സംഗതിയിൽ—

(ക) മൊത്തം സാമാനങ്ങൾ കാളിററിയിൽ സാമ്പിളിനോട് സദൃശമായിരിക്കുമെന്നും ;

(ഖ) മൊത്തം സാമാനങ്ങൾ, സാമ്പിളുമായി ഒത്തുനോക്കുന്നതിന വാങ്ങുന്നവന് ന്യായമായ ഒരു അവസരം ഉണ്ടാകുമെന്നും ;

(ഗ) സാമാനങ്ങൾ, സാമ്പിളിന്റെ ന്യായമായ പരിശോധനയിൽ പ്രത്യക്ഷമാകാത്തതും സാമാനങ്ങൾ കച്ചവടത്തിന് പററാത്തതാക്കുന്നതുമായ ഏതെങ്കിലും ന്യൂനത ഇല്ലാത്തതായിരിക്കുമെന്നും ;
ഉള്ള വ്യംഗ്യമായ ഉപാധി ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം III

## കാൺട്രാക്ററിന്റെ പ്രഭാവം

### വില്ക്കുന്നവനും വാങ്ങുന്നവനും തമ്മിൽ സ്വത്വം കൈമാറുന്നത്

18. സാമാനങ്ങൾ തിട്ടപ്പെടുത്തിയിരിക്കണമെന്ന്.— തിട്ടപ്പെടുത്താത്ത സാമാനങ്ങളുടെ വില്പനയ്ക്ക് ഒരു കാൺട്രാക്ററുള്ളിടത്ത്, സാമാനങ്ങൾ തിട്ടപ്പെടുത്താത്തപക്ഷവും തിട്ടപ്പെടുത്തുന്നതുവരെയും, അവയിലെ സ്വത്വം വാങ്ങുന്നവന് കൈമാറുന്നില്ല.

19. സ്വത്വം സംക്രമിക്കണമെന്ന് ഉദ്ദേശിക്കുന്ന സമയത്ത് സംക്രമിക്കുന്നു.—വിനിർദ്ദിഷ്ടമോ തിട്ടപ്പെടുത്തിയതോ ആയ സാമാനങ്ങളുടെ വില്പനയ്ക്ക് ഒരു കാൺട്രാക്ററുള്ളിടത്ത്, വാങ്ങുന്നവന് അവയിലെ സ്വത്വം കാൺട്രാക്ററിലെ കക്ഷികൾ അത് കൈമാറണമെന്ന് ഉദ്ദേശിക്കുന്ന സമയത്ത് കൈമാറുന്നു.

(2) കക്ഷികളുടെ ഉദ്ദേശം എന്തെന്ന് തിട്ടപ്പെടുത്തുന്നതിന് കാൺട്രാക്ററിന്റെ നിബന്ധനകളും കക്ഷികളുടെ പെരുമാററവും സംഗതിയുടെ പരിതഃസ്ഥിതികളും കണക്കിലെടുക്കേണ്ടതാകുന്നു.

(3) വ്യത്യസ്തമായ ഒരു ഉദ്ദേശം കാണാത്തപക്ഷം, 20 മുതൽ 24 വരെയുള്ള വകുപ്പുകളിൽ അടങ്ങിയിട്ടുള്ള ചട്ടങ്ങൾ സാമാനങ്ങളിലെ സ്വത്വം വാങ്ങുന്നവനിൽ സംക്രമിക്കേണ്ട സമയം സംബന്ധിച്ച് കക്ഷികളുടെ ഉദ്ദേശം എന്തെന്ന് തിട്ടപ്പെടുത്തുന്നതിനുള്ള ചട്ടങ്ങളാകുന്നു.

20. ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലുള്ള വിനിർദ്ദിഷ്ട സാമാനങ്ങൾ.—ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലുള്ള വിനിർദ്ദിഷ്ട സാമാനങ്ങളുടെ വില്പനയ്ക്ക് നിരുപാധികമായ ഒരു കാൺട്രാക്ററുള്ളിടത്ത് സാമാനങ്ങളുടെ സ്വത്വം കാൺട്രാക്ററ് ഉണ്ടാക്കുന്ന സമയത്ത് വാങ്ങുന്നവനിൽ സംക്രമിക്കുന്നതും, വില നല്കേണ്ട സമയമോ സാമാനങ്ങളുടെ ഡെലിവറിക്കുള്ള സമയമോ അല്ലെങ്കിൽ അവ രണ്ടുമോ നീട്ടിവച്ചിട്ടുണ്ട് എന്നത് പ്രസക്തമല്ലാത്തതും, ആകുന്നു.

21. ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലാക്കേണ്ട വിനിർദ്ദിഷ്ട സാമാനങ്ങൾ.—വിനിർദ്ദിഷ്ട സാമാനങ്ങളുടെ വില്പനയ്ക്ക് ഒരു കാൺട്രാക്ററുണ്ടായിരിക്കുകയും സാമാനങ്ങളെ ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലാക്കുന്നതിനുവേണ്ടി വില്ക്കുന്നവൻ അവയ്ക്ക് എന്തെങ്കിലും ചെയ്യുവാൻ ബാദ്ധ്യസ്ഥനായിരിക്കുകയും ചെയ്യുന്നിടത്ത് അത് ചെയ്യുകയും വാങ്ങുന്നവന് അതു സംബന്ധിച്ച് നോട്ടീസ് കിട്ടുകയും ചെയ്യുന്നതുവരെ സ്വത്വം സംക്രമിക്കുന്നില്ല.

22. ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലുള്ള വിനിർദ്ദിഷ്ട സാമാനങ്ങൾ, അവ സംബന്ധിച്ച് വില്ക്കുന്നവൻ വില തിട്ടപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതുള്ളപ്പോൾ.—ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലുള്ള വിനിർദ്ദിഷ്ട സാമാനങ്ങളുടെ വില്പനയ്ക്ക് ഒരു കാൺട്രാക്റ്റ് ഉണ്ടായിരിക്കുകയും, എന്നാൽ വില തിട്ടപ്പെടുത്തുന്നതിനു വേണ്ടി സാമാനങ്ങൾ സംബന്ധിച്ച് തൂക്കി നോക്കുന്നതിനോ അളക്കുന്നതിനോ പരീക്ഷിച്ചു നോക്കുന്നതിനോ മററ് ഏതെങ്കിലും കൃത്യമോ സംഗതിയോ ചെയ്യുന്നതിനോ വില്ക്കുന്നവൻ ബാദ്ധ്യസ്ഥനായിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള കൃത്യമോ സംഗതിയോ ചെയ്യുകയും അതു സംബന്ധിച്ച് വാങ്ങുന്നവന് നോട്ടീസ് കിട്ടുകയും ചെയ്യുന്നതുവരെ സ്വത്വം സംക്രമിക്കുന്നില്ല.

23. തിട്ടപ്പെടുത്താത്ത സാമാനങ്ങളുടെ വില്പനയും വിനിയോഗവും.—(1) തിട്ടപ്പെടുത്താത്ത സാമാനങ്ങളോ ഭാവി സാമാനങ്ങളോ വിവരണമനുസരിച്ച് വില്ക്കുവാനുള്ള ഒരു കാൺട്രാക്റ്റ് ഉണ്ടായിരിക്കുകയും, വാങ്ങുന്നവന്റെ അനുമതിയോടുകൂടി വില്ക്കുന്നവനോ വില്ക്കുന്നവന്റെ അനുമതിയോടുകൂടി വാങ്ങുന്നവനോ, ആ വിവരണത്തിലുള്ളതും ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലുള്ളതുമായ സാമാനങ്ങൾ നിരുപാധികമായി കാൺട്രാക്റ്റിലേക്ക് വിനിയോഗിക്കുകയും ചെയ്യുന്നിടത്ത്, ആ സാമാനങ്ങളിലെ സ്വത്വം അങ്ങനെ ചെയ്യുമ്പോൾ വാങ്ങുന്നവനിൽ സംക്രമിക്കുന്നു. അങ്ങനെയുള്ള അനുമതി പ്രകടമോ വ്യംഗ്യമോ ആകാവുന്നതും വിനിയോഗപ്പെടുത്തിയ സമയത്തിന് മുമ്പോ പിൻപോ നല്കാവുന്നതുമാണ്.

(2) വാഹകർക്കുള്ള ഡെലിവറി.—ഒരു കാൺട്രാക്റ്റ് അനുസരിച്ച് വാങ്ങുന്നവനോ വാങ്ങുന്നവന് എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി ഒരു വാഹകനോ മറേറതെങ്കിലും ബെയിലിക്കോ (വാങ്ങുന്നവൻ നാമനിർദേശം ചെയ്യുന്നതോ അല്ലാത്തതോ ആയാലും) വില്ക്കുന്നവൻ സാമാനങ്ങൾ ഡെലിവർ ചെയ്യുകയും വ്യയനം ചെയ്യുകയും ചെയ്യാനുള്ള അവകാശം തന്നിൽതന്നെ വച്ചുപോരാതിരിക്കുകയും ചെയ്യുന്നിടത്ത്, അയാൾസാമാനങ്ങൾ നിരുപാധികം കാൺട്രാക്റ്റിലേക്ക് വിനിയോഗിച്ചതായി കരുതപ്പെടുന്നതാകുന്നു.

24. അംഗീകാരത്തിനോ അല്ലെങ്കിൽ "വില്പനയക്കോ തിരിച്ചുകൊടുക്കലിനോ" അയച്ചിട്ടുള്ള സാമാനങ്ങൾ.—അംഗീകാരത്തിനോ അല്ലെങ്കിൽ 'വില്പനയ്ക്കോ തിരിച്ചുകൊടുക്കലിനോ'' അല്ലെങ്കിൽ അതുപോലെയുള്ള മററു നിബന്ധനകളിൻ മേലോ വാങ്ങുന്നവന് സാമാനങ്ങൾ ഡെലിവർ ചെയ്യുന്ന സംഗതിയിൽ, അവയിലെ സ്വത്വം—

(ക) അയാൾ വില്ക്കുന്നവനെ തന്റെ അംഗീകാരമോ പ്രതിഗ്രഹണമോ അറിയിക്കുകയോ, അല്ലെങ്കിൽ ഇടപാടു കൈക്കൊള്ളുന്ന മറേറതെങ്കിലുംകൃത്യംചെയ്യുകയോ ചെയ്യുമ്പോഴും;

(ഖ) അയാൾ വില്ക്കുന്നവനെ തന്റെ അംഗീകാരമോ പ്രതിഗ്രഹണമോ അറിയിക്കാതിരിക്കുകയും, എന്നാൽനിരസിച്ചതായുള്ള നോട്ടീസ് കൊടുക്കാതെ സാമാനങ്ങൾ വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽ, സാമാനങ്ങൾ തിരിച്ചു കൊടുക്കുവാൻ സമയം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള സമയം അവസാനിക്കുമ്പോഴും സമയംനിശ്ചയിച്ചിട്ടില്ലെങ്കിൽ, ന്യായമായ സമയം അവസാനിക്കുമ്പോഴും;

വാങ്ങുന്നവനിലേക്ക് സംക്രമിക്കുന്നു.

25. വ്യയനം ചെയ്യുവാനുള്ള അവകാശംവച്ചുപോരുന്നത്.— (1) വിനിർദിഷ്ടസാമാനങ്ങളുടെ വില്പനയ്ക്ക് കാൺട്രാക്റ്റ് ഉള്ളിടത്തോ അല്ലെങ്കിൽ സാമാനങ്ങൾ പിന്നീട് കാൺട്രാക്റ്റിലേക്ക് വിനിയോഗിക്കുന്നിടത്തോ ചില ഉപാധികൾ നിറവേററുന്നതുവരെ സാമാനങ്ങൾ വ്യയനം ചെയ്യുവാനുള്ള അവകാശം കാൺട്രാക്റ്റിലേയോ വിനിയോഗത്തിലേയോ നിബന്ധനകൾ പ്രകാരം വില്ക്കുന്നവന് വച്ചു പോരാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ, വാങ്ങുന്നവനോ വാങ്ങുന്നവന് എത്തിച്ചുകൊടുക്കുവാൻ വേണ്ടി ഒരു വാഹകനോ മററ് ബെയിലിക്കോ സാമാനങ്ങൾ ഡെലിവർ ചെയ്തു എന്നിരുന്നാലും, വില്ക്കുന്നവൻ ചുമത്തുന്ന ഉപാധികൾ നിറവേററപ്പെടുന്നതുവരെ, സാമാനങ്ങളിലെ സ്വത്വം വാങ്ങുന്നവനിൽ സംക്രമിക്കുന്നില്ല.

(2) സാമാനങ്ങൾ കപ്പലിൽ കയററുകയോ, റയിൽമാർഗ്ഗം കൊണ്ടുപോകുന്നതിനു വേണ്ടി ഒരു റെയിൽവേ അഡ്മിനിസ്ട്രേഷന് ഡെലിവർ ചെയ്യുകയോ ചെയ്യുകയും, അതതു സംഗതി പോലെ, കേവുപത്രപ്രകാരമോ റയിൽവേ രസീതു പ്രകാരമോ, അവ വില്ക്കുന്നവൻെറയോ അയാളുടെ ഏജൻറിൻേറയോ ആർഡർ പ്രകാരം ഡെലിവർ ചെയ്യാവുന്നതായിരിക്കുകയും ചെയ്യുന്നിടത്ത്, വ്യയനം ചെയ്യുവാനുള്ള അവകാശം വില്ക്കുന്നവൻ വച്ചുപോരുന്നതായി പ്രഥമദൃഷ്ടിയിൽ കരുതപ്പെടുന്നതാകുന്നു.

(3) സാമാനങ്ങൾ വില്ക്കുന്നവൻ വിലയ്ക്ക് വേണ്ടി വാങ്ങുന്നവൻെറ പേർക്ക് വിനിമയപത്രം, എഴുതി കൊടുക്കുകയും ആ വിനിമയപത്രം, അതതു സംഗതിപോലെ, കേവുപത്രത്തോടു കൂടിയോ, റയിൽവേ രസീതോടു കൂടിയോ വാങ്ങുന്നവൻ വിനിമയപത്രം പ്രതിഗ്രഹിക്കുന്നതിനോ അതിൻെറ പണം കൊടുക്കുന്നതിനോ വേണ്ടി എത്തിച്ചുകൊടുക്കുകയും ചെയ്യുന്നിടത്ത്, വാങ്ങുന്നവൻ വിനിമയപത്രം ആണർ ചെയ്യുന്നില്ലെങ്കിൽ കേവുപത്രമോ റയിൽവേ രസീതോ തിരിയെക്കൊടുക്കുവാൻ ബാദ്ധ്യസ്ഥനാകുന്നു; കേവുപത്രമോ റയിൽവേ രസീതോ അയാൾ അന്യായമായി വച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ, സാമാനങ്ങളിലെ സ്വത്വം അയാളിൽ സംക്രമിക്കുന്നതുമല്ല.

വിശദീകരണം,—ഈ വകുപ്പിൽ "റയിൽവേ" എന്നും "റെയിൽവെ അഡ്മിനിസ്ട്രേഷൻ" എന്നും ഉള്ള പദങ്ങൾക്ക് ഇൻഡ്യൻ റയിൽവേയ്സ് ആക്റ്റ് 1890 (1890-ലെ 9)-ൻ കീഴിൽ അവയ്ക്ക് യഥാക്രമം നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

26. നഷ്ടസാദ്ധ്യത പ്രഥമദൃഷ്ടിയിൽ സ്വത്വത്തോടൊപ്പം സംക്രമിക്കുമെന്ന്.—മററുവിധത്തിൽ കരാർ ചെയ്തിട്ടില്ലാത്ത പക്ഷം, സാമാനങ്ങൾ അവയിലെ സ്വത്വം വാങ്ങുന്നവന് കൈമാറുന്നതുവരെ വില്ക്കുന്നവൻെറ നഷ്ടസാദ്ധ്യതയ്ക്ക് വിധേയമായിരിക്കുന്നതും, എന്നാൽ അവയിലെ സ്വത്വം വാങ്ങുന്നവന് കൈമാറുമ്പോൾ സാമാനങ്ങൾ ഡെലിവർ ചെയ്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും വാങ്ങുന്നവൻെറ നഷ്ടസാദ്ധ്യതയ്ക്ക് വിധേയമാകുന്നതും ആണ്:

എന്നാൽ, വാങ്ങുന്നവൻേറയോ വില്ക്കുന്നവൻേറയോ ദോഷംമൂലം ഡെലിവറിയ്ക്ക് താമസം വരുന്നിടത്ത്, അങ്ങനെയുള്ള ദോഷം ഇല്ലെങ്കിൽ സംഭവിക്കാതിരിക്കുമായിരുന്ന ഏതെങ്കിലും നഷ്ടം സംബന്ധിച്ചിടത്തോളം സാമാനങ്ങൾ സദോഷിയായ കക്ഷിയുടെ നഷ്ടസാദ്ധ്യതയ്ക്ക് വിധേയമാകുന്നു :

എന്നുമാത്രമല്ല, ഈ വകുപ്പിലെ യാതൊന്നും വാങ്ങുന്നവനോ വില്ക്കുന്നവനോ ഇതരകക്ഷിയുടെ സാമാനങ്ങളുടെ ഒരു ബെയിലി എന്ന നിലയ്ക്ക് ഉള്ള കർത്തവ്യങ്ങളേയോ ബാദ്ധ്യതകളേയോ ബാധിക്കുന്നതല്ല.

## അവകാശത്തിന്റെ കൈമാററം

27. ഉടമസ്ഥനല്ലാത്ത ആൾ നടത്തുന്ന വില്പന.—ഈ ആക്ററിലേയും തൽസമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സാമാനങ്ങളുടെ ഉടമസ്ഥനല്ലാത്തവനും ഉടമസ്ഥന്റെ പ്രാധികാരത്തിൻ കീഴിലോ സമ്മതത്തോടുകൂടിയോ വില്ക്കുന്നവനല്ലാത്തവനും ആയ ആൾ സാമാനങ്ങൾ വില്ക്കുന്നിടത്ത്, വില്ക്കുന്നവന്റെ പ്രാധികാരം നിഷേധിക്കുവാൻ അവയുടെ ഉടമസ്ഥൻ, തന്റെ പെരുമാററത്താൽ തടയപ്പെടാത്ത പക്ഷം, വാങ്ങുന്നവൻ വില്ക്കുന്നവന് സാമാനങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ മെച്ചമായ അവകാശം ആർജ്ജിക്കുന്നില്ല :

എന്നാൽ ഉടമസ്ഥന്റെ സമ്മതത്തോടുകൂടി ഒരു കച്ചവട ഏജൻറ് സാമാനങ്ങളോ സാമാനങ്ങളുടെ ഒരു അവകാശരേഖയോ കൈവശം വയ്ക്കുന്നിടത്ത് അയാൾ കച്ചവട ഏജൻറിന്റെ സാധാരണ ബിസിനസ്സ് മുറയിൽ പ്രവർത്തിക്കുമ്പോൾ ചെയ്യുന്ന ഏതെങ്കിലും വില്പന, അത് ചെയ്യാൻ അയാൾക്ക് സാമാനങ്ങളുടെ ഉടമസ്ഥൻ പ്രകടമായി പ്രാധികാരം നല്കിയിരുന്നാലെന്നപോലെ സാധുവായിരിക്കുന്നതാണ്; എന്നാൽ അതിന് വാങ്ങുന്നവൻ ഉത്തമവിശ്വാസത്തിൽ പ്രവർത്തിച്ചിരിക്കുകയും വില്പനക്കാൺട്രാക്ററിന്റെ സമയത്ത് വില്ക്കുന്നവന് വില്ക്കുവാൻ പ്രാധികാരമില്ലെന്നുള്ളതിന് അയാൾക്ക് നോട്ടീസ് ഇല്ലാതിരിക്കുകയും വേണം.

28. കൂട്ടുടമസ്ഥരിൽ ഒരാൾ നടത്തുന്ന വില്പന.—സാമാനങ്ങളുടെ പല കൂട്ടുടമസ്ഥന്മാരിൽ ഒരാൾക്ക് സഹ ഉടമസ്ഥന്മാരുടെ അനുവാദത്തോടുകൂടി അവയുടെ തനിച്ചുള്ള കൈവശമുണ്ടെങ്കിൽ, അങ്ങനെയുള്ള കൂട്ടുടമസ്ഥനിൽ നിന്ന് ഉത്തമവിശ്വാസത്തിലും, വില്പനക്കാൺട്രാക്ററിന്റെ സമയത്ത് വില്ക്കുന്നവന് വില്ക്കുവാൻ ഉള്ള പ്രാധികാരം ഇല്ലെന്നുള്ളതിന് നോട്ടീസ്സില്ലാതെയും വാങ്ങുന്ന ഏതൊരാൾക്കും സാമാനങ്ങളിലെ സ്വത്വം കൈമാറുന്നു.

29. ശൂന്യമാക്കാവുന്ന കാൺട്രാക്ററിൻ കീഴിൽ സാമാനങ്ങൾ കൈവശമുള്ള ആൾ നടത്തുന്ന വില്പന.—സാമാനങ്ങൾ വില്ക്കുന്നവന് അവയുടെ കൈവശം, ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 (1872-ലെ 9)-ലെ 19-ാം വകുപ്പിനോ 19 ക വകുപ്പിനോ കീഴിൽ ശൂന്യമാക്കാവുന്ന ഒരു കാൺട്രാക്ററിൻ കീഴിൽ ലഭിച്ചിരിക്കുകയും, എന്നാൽ വില്പന സമയത്ത് കാൺട്രാക്ററ് റദ്ദാക്കിയിട്ടില്ലാതിരിക്കുകയും ചെയ്തിട്ടുള്ളപ്പോൾ വാങ്ങുന്നവൻ ഉത്തമവിശ്വാസത്തിലും വില്ക്കുന്നവന്റെ അവകാശത്തിലുള്ള ന്യൂനതയെപ്പററി നോട്ടീസ് ഇല്ലാതെയും ആണ് താൻ സാമാനങ്ങൾ വാങ്ങുന്നതെങ്കിൽ, അവയിൽ സാധുവായ അവകാശം ആർജ്ജിക്കുന്നു.

30. വില്പനയ്ക്കുശേഷം വില്ക്കുന്നവനോ വാങ്ങുന്നവനോ കൈവശം വയ്ക്കുന്നത്.—(1) ഒരാൾ സാമാനങ്ങൾ വിററിട്ട്, ആ സാമാനങ്ങളോ സാമാനങ്ങളുടെ അവകാശരേഖകളോ തുടർന്ന് കൈവശം വയ്ക്കുകയോ, കൈവശം വയ്ക്കുകയോ ചെയ്യുന്നിടത്ത് അയാളോ അയാൾക്ക് വേണ്ടി പ്രവർത്തിക്കുന്ന കച്ചവട ഏജൻറോ അവ ഉത്തമവിശ്വാസത്തിലും മുൻവില്പനയെപ്പററി നോട്ടീസ് ഇല്ലാതെയും സ്വീകരിക്കുന്ന ഏതെങ്കിലും ആൾക്ക് അവയുടെ ഏതെങ്കിലും വില്പനയോ പണയമോ മററു വിനിയോഗമോ പ്രകാരം ചെയ്യുന്ന ഡെലിവറിക്കോ കൈമാററത്തിനോ, ആ ഡെലിവറിയോ കൈമാററമോ ചെയ്യുന്ന ആൾക്ക് അത് ചെയ്യുവാൻ സാമാനങ്ങളുടെ ഉടമസ്ഥൻ പ്രകടമായി പ്രാധികാരം നല്കിയിരുന്നാലെന്നപോലെയുള്ള പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(2) സാമാനങ്ങൾ വാങ്ങുകയോ വാങ്ങുവാൻ കരാർ ചെയ്യുകയോ ചെയ്തിട്ട് വില്ക്കുന്നവന്റെ സമ്മതത്തോടുകൂടി സാമാനങ്ങളുടേയോ സാമാനങ്ങളുടെ അവകാശരേഖകളുടേയോ കൈവശം ഒരാൾക്ക് ലഭിക്കുന്നിടത്ത്, അയാളോ, അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന കച്ചവട ഏജൻറോ, അവ ഉത്തമ വിശ്വാസത്തിലും സാമാനങ്ങളെ സംബന്ധിച്ച് ആദ്യ വില്പനക്കാരനുള്ള ലീനോ മററു അവകാശമോ സംബന്ധിച്ച് നോട്ടീസില്ലാതെയും സ്വീകരിക്കുന്ന ഏതെങ്കിലും ആൾക്ക്, അവയുടെ ഏതെങ്കിലും വില്പനയോ പണയമോ മററു വിനിയോഗമോ പ്രകാരം ചെയ്യുന്ന ഡെലിവറിക്കോ കൈമാററത്തിനോ അങ്ങനെയുള്ള ലീനോ അവകാശമോ ഉണ്ടായിരുന്നില്ലെന്നപോലെയുള്ള പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം IV
## കാൺട്രാക്ററിന്റെ നിർവ്വഹണം

31. വില്ക്കുന്നവന്റേയും വാങ്ങുന്നവന്റേയും കർത്തവ്യങ്ങൾ.—വില്പനക്കാൺട്രാക്ററിന്റെ നിബന്ധനകളനുസരിച്ച്, സാമാനങ്ങൾ ഡെലിവർ ചെയ്യേണ്ടത് വില്ക്കുന്നവന്റെ കർത്തവ്യവും, അവ പ്രതിഗ്രഹിക്കുകയും അവയ്ക്കു പണം നല്കുകയും ചെയ്യേണ്ടത് വാങ്ങുന്നവന്റെ കർത്തവ്യവും ആകുന്നു.

32. വില നല്കലും ഡെലിവറിയും സമവർത്തിയായ ഉപാധികളാണെന്ന്.—മററു വിധത്തിൽ കരാർ ചെയ്തിട്ടില്ലാത്തപക്ഷം, സാമാനങ്ങളുടെ ഡെലിവറിയും വില നല്കലും സമവർത്തികളായ ഉപാധികളാകുന്നു. അതായത്, വിലയ്ക്കുപകരം വാങ്ങുന്നവന് സാമാനങ്ങൾ കൈവശം കൊടുക്കുവാൻ വില്ക്കുന്നവൻ തയ്യാറാവുകയും സമ്മതിക്കുകയും, സാമാനങ്ങളുടെ കൈവശത്തിനു പകരം വില നല്കുവാൻ വാങ്ങുന്നവൻ തയ്യാറാവുകയും സമ്മതിക്കുകയും ചെയ്യേണ്ടതാകുന്നു.

33. ഡെലിവറി.—വിററ സാമാനങ്ങളുടെ ഡെലിവറി, ഡെലിവറിയായി കണക്കാക്കണമെന്ന് കക്ഷികൾ കരാർ ചെയ്യുന്ന എന്തെങ്കിലും ചെയ്തോ, അല്ലെങ്കിൽ സാമാനങ്ങൾ വാങ്ങുന്നവന്റേയോ വാങ്ങുന്നവനുവേണ്ടി കൈവശം വയ്ക്കുന്നതിന് പ്രാധികാരമുള്ള ഏതെങ്കിലും ആളുടേയോ കൈവശത്തിൽ ആക്കുന്ന ഫലം ഉളവാക്കുന്ന എന്തെങ്കിലും ചെയ്തോ നടത്താവുന്നതാണ്.

34. ഭാഗികമായ ഡെലിവറിയുടെ പ്രഭാവം.—മുഴുവൻ സാമാനങ്ങളുടെ ഡെലിവറിയുടെ ഗതിയിലുള്ള അവയുടെ ഒരു ഭാഗത്തിന്റെ ഡെലിവറിക്ക് ആ സാമാനങ്ങളിലെ സ്വത്വം സംക്രമിക്കുന്നതിലേക്ക് മുഴുവൻ സാമാനങ്ങളുടേയും ഡെലിവറിയുടെ അതേ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്; എന്നാൽ മുഴുവൻ സാമാനങ്ങളിൽനിന്ന് അവയുടെ ഒരു ഭാഗം വേർതിരിക്കാനുള്ള ഉദ്ദേശത്തോടുകൂടിയ ഡെലിവറി ബാക്കിയുള്ളവയുടെ ഡെലിവറിയായി പ്രവർത്തിക്കുന്നില്ല.

35. വാങ്ങുന്നവൻ ഡെലിവറിക്ക് അപേക്ഷിക്കണമെന്ന്.—പ്രകടമായ ഏതെങ്കിലും കാൺട്രാക്ററില്ലെങ്കിൽ, സാമാനങ്ങൾ ഡെലിവർ ചെയ്യുന്നതിന്, വാങ്ങുന്നവൻ അപേക്ഷിക്കുന്നതുവരെ വില്ക്കുന്നവൻ അവ ഡെലിവർ ചെയ്യുവാൻ ബാദ്ധ്യസ്ഥനല്ല.

36. ഡെലിവറി സംബന്ധിച്ച ചട്ടങ്ങൾ.—(1) വാങ്ങുന്നവൻ സാമാനങ്ങൾ കൈവശമെടുക്കുകയോ വില്ക്കുന്നവൻ വാങ്ങുന്നവന് അത് അയക്കുകയോ ഏതാണ് വേണ്ടതെന്നുള്ളത് ഓരോ സംഗതിയിലും കക്ഷികൾ തമ്മിലുള്ള പ്രകടമോ വ്യംഗ്യമോ ആയ കാൺട്രാക്ററിനെ ആശ്രയിച്ചിരിക്കുന്ന

പ്രശ്നമാണ്. അങ്ങനെയുള്ള ഏതെങ്കിലും കാൺട്രാക്റ്റില്ലെങ്കിൽ വിററ സാമാനങ്ങൾ വില്ക്കുന്ന സമയത്ത് അവ ഉള്ള സ്ഥലത്ത് ഡെലിവർ ചെയ്യേണ്ടതും വില്ക്കുവാൻ കരാർ ചെയ്തിട്ടുള്ള സാമാനങ്ങൾ വില്ക്കുവാനുള്ള കരാറിന്റെ സമയത്ത് അവ ഉള്ള സ്ഥലത്തും, ആ സമയത്ത് അവയ്ക്ക് അസ്തിത്വമില്ലെങ്കിൽ അവ ഉത്പാദിപ്പിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്ന സ്ഥലത്തും ഡെലിവർ ചെയ്യേണ്ടതും ആകുന്നു.

(2) വില്പനക്കാൺട്രാക്റ്റിൻകീഴിൽ വാങ്ങുന്നവന്, സാമാനങ്ങൾ അയക്കുവാൻ വില്ക്കുന്നവൻ ബാദ്ധ്യസ്ഥനായിരിക്കുകയും, എന്നാൽ അവ അയക്കുന്നതിന് സമയം നിശ്ചയിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, ന്യായമായ സമയത്തിനുള്ളിൽ അവ അയക്കുവാൻ വില്ക്കുന്നവൻ ബാദ്ധ്യസ്ഥനാകുന്നു.

(3) വില്ക്കുന്ന സമയത്ത് സാമാനങ്ങൾ മൂന്നാം കക്ഷിയുടെ കൈവശമായിട്ടുള്ളിടത്ത്, അങ്ങനെയുള്ള മൂന്നാം കക്ഷി താൻ സാമാനങ്ങൾ കൈവശം വയ്ക്കുന്നത് വാങ്ങുന്നതിനുവേണ്ടിയാണെന്നു സമ്മതിക്കാത്ത പക്ഷവും സമ്മതിക്കുന്നതുവരെയും വില്ക്കുന്നവനിൽനിന്ന് വാങ്ങുന്നവന് സാമാനങ്ങളുടെ ഡെലിവറി ഉണ്ടാകുന്നതല്ല :

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും സാമാനങ്ങളുടെ ഏതെങ്കിലും അവകാശരേഖയുടെ പുറപ്പെടുവിക്കലിന്റേയോ കൈമാററത്തിന്റേയോ പ്രവർത്തനത്തെ ബാധിക്കുന്നതല്ല.

(4) ഡെലിവറിക്കുള്ള ഡിമാൻഡോ ടെൻഡറോ ന്യായമായ നേരത്ത് ചെയ്യാത്തപക്ഷം പ്രഭാവശൂന്യമായി കണക്കാക്കാവുന്നതാണ്. ന്യായമായ നേരമേതാണെന്നുള്ളത് വസ്തുതാപ്രശ്നമാകുന്നു.

(5) മററു വിധത്തിൽ കരാർ ചെയ്യാത്തപക്ഷം, സാമാനങ്ങൾ ഡെലിവർ ചെയ്യാവുന്ന സ്ഥിതിയിലാക്കുന്നതിനുള്ള ചെലവും ആനുഷംഗിക ചെലവും വില്ക്കുന്നവൻ വഹിക്കേണ്ടതാകുന്നു.

37. <u>തെററായ പരിമാണത്തിലുള്ള ഡെലിവറി.</u>—(1) വില്ക്കുന്നവൻ, താൻ വില്ക്കുവാൻ കാൺട്രാക്റ്റ് ചെയ്തതിലും കുറഞ്ഞ പരിമാണമുള്ള സാമാനങ്ങൾ വാങ്ങുന്നവന് ഡെലിവർ ചെയ്യുന്നിടത്ത്, വാങ്ങുന്നവന് അവ നിരസിക്കാവുന്നതാണ് ; എന്നാൽ അപ്രകാരം ഡെലിവർ ചെയ്ത സാമാനങ്ങൾ വാങ്ങുന്നവൻ പ്രതിഗ്രഹിക്കുന്നുവെങ്കിൽ, അയാൾ അവയ്ക്ക് കാൺട്രാക്റ്റ് നിരക്കിൽ പണം നല്കേണ്ടതാകുന്നു.

(2) വില്ക്കുന്നവൻ, താൻ വില്ക്കുവാൻ കാൺട്രാക്റ്റ് ചെയ്തതിനേക്കാൾ കൂടുതൽ പരിമാണമുള്ള സാമാനങ്ങൾ വാങ്ങുന്നവന് ഡെലിവർ ചെയ്യുന്നിടത്ത്, വാങ്ങുന്നവന് കാൺട്രാക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സാമാനങ്ങൾ പ്രതിഗ്രഹിക്കുകയും ബാക്കി നിരസിക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ മുഴുവനും നിരസിക്കുകയോ ചെയ്യാവുന്നതാണ്. അപ്രകാരം ഡെലിവർ ചെയ്ത മുഴുവൻ സാമാനങ്ങളും വാങ്ങുന്നവൻ പ്രതിഗ്രഹിക്കുന്നുവെങ്കിൽ അയാൾ അവയ്ക്ക് കാൺട്രാക്റ്റ് നിരക്കിൽ പണം നല്കേണ്ടതാകുന്നു.

(3) വില്ക്കുന്നവൻ, താൻ വില്ക്കുവാൻ കാൺട്രാക്റ്റ് ചെയ്ത സാമാനങ്ങൾ കാൺട്രാക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും വ്യത്യസ്തമായ വിവരണത്തോടുകൂടിയതുമായ സാമാനങ്ങളോടു കലർത്തി, വാങ്ങുന്നവന് ഡെലിവർ ചെയ്യുന്നിടത്ത് വാങ്ങുന്നവന് കാൺട്രാക്റ്റ് അനുസരിച്ചുള്ള സാമാനങ്ങൾ പ്രതിഗ്രഹിക്കുകയും ബാക്കി നിരസിക്കുകയും ചെയ്യുകയോ അല്ലെങ്കിൽ മുഴുവനും നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(4) ഈ വകുപ്പിലെ വ്യവസ്ഥകൾ ഏതെങ്കിലും കച്ചവട വഴക്കത്തിനോ കക്ഷികൾ തമ്മിലുള്ള പ്രത്യേക കരാറിനോ ഇടപാടു സമ്പ്രദായത്തിനോ വിധേയമാകുന്നു.

38. <u>തവണകളായുള്ള ഡെലിവറികൾ</u>.—(1) മററു വിധത്തിൽ കരാർ ചെയ്തിട്ടില്ലാത്തപക്ഷം, സാമാനങ്ങൾ വാങ്ങുന്നവൻ അവയുടെ തവണകളായുള്ള ഡെലിവറി പ്രതിഗ്രഹിക്കുവാൻ ബാദ്ധ്യസ്ഥനല്ല.

(2) വെവ്വേറെ പണം കൊടുക്കേണ്ട നിശ്ചിതമായ തവണകളായി ഡെലിവർ ചെയ്യേണ്ട സാമാനങ്ങളുടെ വില്പനയ്ക്കുള്ള കാൺട്രാക്ററ് ഉണ്ടായിരിക്കുകയും ഒന്നോ അതിലധികമോ തവണകളിൽ വില്ക്കുന്നവൻ ഡെലിവർ ചെയ്യാതിരിക്കുകയോ ന്യൂനതയുള്ള ഡെലിവറി നടത്തുകയോ ചെയ്യുകയും അല്ലെങ്കിൽ ഒന്നോ അതിലധികമോ തവണകളിലെ ഡെലിവറി പ്രതിഗ്രഹിക്കുവാനോ അവയ്ക്കു വില നല്കുവാനോ വാങ്ങുന്നവൻ ഉപേക്ഷ വരുത്തുകയോ നിരസിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്, കാൺട്രാക്ററ് ലംഘനം, മുഴുവൻ കാൺട്രാക്ററിന്റേയും നിരാകരണമാണോ, നഷ്ടപരിഹാരത്തിനുള്ള അവകാശവാദത്തിന് ഇടനല്കുന്നതും, എന്നാൽ മുഴുവൻ കാൺട്രാക്ററും നിരസിച്ചതായി കണക്കാക്കുവാൻ ഒരു അവകാശം നല്കാത്തതും ആയ വേർപെടുത്താവുന്നതായ ഒരു ലംഘനമാണോ, എന്നത് ഓരോ സംഗതിയിലും കാൺട്രാക്ററിലെ നിബന്ധനകളേയും സംഗതിയുടെ പരിതഃസ്ഥിതികളേയും ആശ്രയിക്കുന്ന പ്രശ്നമാകുന്നു.

39. <u>വാഹകനോ പാതാറുടമയ്ക്കോ ഉള്ള ഡെലിവറി</u>.—(1) ഒരു വില്പന കാൺട്രാക്ടിന് അനുസൃതമായി വാങ്ങുന്നവന് സാമാനങ്ങൾ അയക്കുവാൻ വില്ക്കുന്നവന് പ്രാധികാരം നൽകുകയോ അയാളോട് ആവശ്യപ്പെടുകയോ ചെയ്തിട്ടുള്ളിടത്ത്, വാങ്ങുന്നവന് എത്തിക്കുന്നതിനുവേണ്ടി വാങ്ങുന്നവൻ നാമനിർദ്ദേശം ചെയ്തതോ അല്ലാത്തതോ ആയ ഒരു കാരിയർക്ക് സാമാനങ്ങൾ ഡെലിവർ ചെയ്യുന്നതോ (അല്ലെങ്കിൽ സുരക്ഷിതമായ കസ്ററഡിക്കുവേണ്ടി സാമാനങ്ങൾ ഒരു പാതാറുടമയ്ക്ക് ഡെലിവർ ചെയ്യുന്നതോ) വാങ്ങുന്നവനുള്ള ഡെലിവറിയായി പ്രഥമദൃഷ്ടിയിൽ കരുതപ്പെടുന്നതാകുന്നു.

(2) വാങ്ങുന്നവൻ മററുവിധത്തിൽ പ്രാധികാരം നല്കിയിട്ടില്ലാത്തപക്ഷം, വില്ക്കുന്നവൻ വാങ്ങുന്നവനുവേണ്ടി കാരിയറുമായോ പാതാറുടമയുമായോ സാമാനങ്ങളുടെ സ്വഭാവവും സംഗതിയുടെ മററു പരിതഃസ്ഥിതികളും പരിഗണിക്കുന്നതായാൽ ന്യായമാകത്തക്ക കാൺട്രാക്ററ് ഉണ്ടാക്കേണ്ടതാകുന്നു. വില്ക്കുന്നവൻ അപ്രകാരം ചെയ്യാതിരിക്കുകയും, മാർഗ്ഗ മദ്ധ്യത്തിലോ പാതാറുടമയുടെ കസ്ററഡിയിലോ ആയിരിക്കുമ്പോൾ സാമാനങ്ങൾ നഷ്ടപ്പെടുകയോ അവയ്ക്ക് നാശനഷ്ടം സംഭവിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, വാങ്ങുന്നവന് കാരിയർക്കോ പാതാറുടമയ്ക്കോ ഉള്ള ഡെലിവറി തനിക്കുള്ള ഡെലിവറിയായി കണക്കാക്കുവാൻ വിസമ്മതിക്കുകയോ വില്ക്കുന്നവനെ നഷ്ടപരിഹാരത്തിന് ഉത്തരവാദിയാക്കുകയോ ചെയ്യാവുന്നതാണ്.

(3) മററു വിധത്തിൽ കരാർ ചെയ്തിട്ടില്ലാത്ത പക്ഷം, കടൽവഴിയുള്ള കടത്തിൽ ഉൾപ്പെടുന്ന മാർഗ്ഗത്തിലൂടെ വില്ക്കുന്നവൻ വാങ്ങുന്നവന്, ഇൻഷ്വർ ചെയ്യുക പതിവായുള്ള പരിതഃസ്ഥിതികളിൽ സാമാനങ്ങൾ അയയ്ക്കുന്നിടത്ത് വില്ക്കുന്നവൻ അവ കടൽ വഴിയുള്ള കടത്തൽ കാലത്തേയ്ക്ക് ഇൻഷ്വർ ചെയ്യുവാൻ വാങ്ങുന്നവന് കഴിയുമാറ് അയാൾക്ക് നോട്ടീസ് നല്കേണ്ടതും, വില്ക്കുന്നവൻ അപ്രകാരം ചെയ്യാതിരുന്നാൽ അങ്ങനെയുള്ള കടത്തലിൽ സാമാനങ്ങൾ അയാളുടെ നഷ്ടസാദ്ധ്യതയ്ക്ക് വിധേയമായിരിക്കുന്നതായി കരുതപ്പെടുന്നതും ആകുന്നു.

40. വിദൂരസ്ഥലത്ത് സാമാനങ്ങൾ ഡെലിവർ ചെയ്യുമ്പോഴുള്ള നഷ്ട സാദ്ധ്യത.—സാമാനങ്ങൾ വില്ക്കുന്നവൻ, അവ വില്ക്കുന്ന സമയത്ത് ഉള്ള സ്ഥലത്തല്ലാതെ വേറെ സ്ഥലത്ത് തന്റെ സ്വന്തം നഷ്ടസാദ്ധ്യതയ്ക്ക് വിധേയമായി ഡെലിവർ ചെയ്യുവാൻ കരാർ ചെയ്യുന്നു എന്നാലും, മററു വിധ ത്തിൽ കരാർ ചെയ്തിട്ടില്ലാത്ത പക്ഷം, സാമാനങ്ങൾക്ക് കടത്തലിനിടയിൽ അവശ്യം ആനുഷംഗികമായ കേടിനുള്ള സാദ്ധ്യതയ്ക്ക് വാങ്ങുന്നവൻ വിധേ യനാകുന്നു.

41. സാമാനങ്ങൾ പരിശോധിക്കുന്നതിന് വാങ്ങുന്നവനുള്ള അവകാശം.—

(1) വാങ്ങുന്നവന്, അയാൾ മുമ്പ് പരിശോധിച്ചിട്ടില്ലാത്ത സാമാനങ്ങൾ ഡെലിവർ ചെയ്യുന്നിടത്ത്, അയാൾക്ക് അവ കാൺട്രാക്ററ് അനുസരിച്ചുള്ളവ യാണോ എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി പരിശോധിക്കുന്നതിന് ന്യായമായ ഒരു അവസരം കിട്ടിയിട്ടില്ലാത്തപക്ഷവും കിട്ടുന്നതുവരെയും അയാൾ അവ പ്രതിഗ്രഹിച്ചതായി കരുതപ്പെടുന്നതല്ല.

(2) മററു വിധത്തിൽ കരാർ ചെയ്തിട്ടില്ലാത്ത പക്ഷം വില്ക്കുന്നവൻ, വാങ്ങുന്നവന് സാമാനങ്ങളുടെ ഡെലിവറി ടെൻഡർ ചെയ്യുമ്പോൾ, വാങ്ങു ന്നവൻ അപേക്ഷിക്കുന്നതായാൽ, അവ കാൺട്രാക്ററ് അനുസരിച്ചുള്ളവ യാണോ എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി പരിശോധിക്കുന്നതിന് അയാൾക്ക് ന്യായമായ അവസരം നല്കുവാൻ, ബാദ്ധ്യസ്ഥനാകുന്നു.

42. പ്രതിഗ്രഹണം.—വാങ്ങുന്നവൻ സാമാനങ്ങൾ പ്രതിഗ്രഹിച്ചിട്ടു ണ്ടെന്ന് വില്ക്കുന്നവനെ അറിയിക്കുമ്പോഴോ അല്ലെങ്കിൽ സാമാനങ്ങൾ വാങ്ങു ന്നവന് ഡെലിവർ ചെയ്തിരിക്കുകയും അയാൾ വില്ക്കുന്നവന്റെ ഉടമസ്ഥ തയ്ക്ക് അസംഗതമായ ഏതെങ്കിലും കൃത്യം അവ സംബന്ധിച്ച് ചെയ്യുകയും ചെയ്യുമ്പോഴോ അല്ലെങ്കിൽ ന്യായമായ സമയം കഴിഞ്ഞതിനുശേഷം അയാൾ സാമാനങ്ങൾ നിരസിച്ചിട്ടുണ്ടെന്ന് വില്ക്കുന്നവനെ അറിയിക്കാതെ അവ വച്ചു കൊണ്ടിരിക്കുമ്പോഴോ, വാങ്ങുന്നവൻ അവ പ്രതിഗ്രഹിച്ചിട്ടുള്ളതായി കരുതപ്പെ ടുന്നതാകുന്നു.

43. നിരസിച്ച സാമാനങ്ങൾ മടക്കുവാൻ വാങ്ങുന്നവൻ ബാദ്ധ്യസ്ഥ നല്ലെന്ന്.—മററു വിധത്തിൽ കരാർ ചെയ്തിട്ടില്ലാത്ത പക്ഷം, വാങ്ങുന്നവന് സാമാനങ്ങൾ ഡെലിവർ ചെയ്യുകയും അവ പ്രതിഗ്രഹിക്കുന്നത് വിസമ്മതിക്കു വാൻ അവകാശം ഉണ്ടായിരിക്കെ അയാൾ വിസമ്മതിക്കുകയും ചെയ്യുമ്പോൾ, വില്ക്കുന്നവന് അവ മടക്കുവാൻ അയാൾ ബാദ്ധ്യസ്ഥനല്ല; എന്നാൽ അവ പ്രതിഗ്രഹിക്കുവാൻ അയാൾ വിസമ്മതിക്കുന്നു എന്ന് വില്ക്കുന്നവനെ അറി യിച്ചാൽ മതിയാകുന്നതാണ്.

44. സാമാനങ്ങൾ ഡെലിവറി എടുക്കുന്നതിന് ഉപേക്ഷ കാണിക്കുകയോ അത് നിരസിക്കുകയോ ചെയ്താൽ വാങ്ങുന്നവന്റെ ബാദ്ധ്യത.—സാമാന ങ്ങൾ ഡെലിവർ ചെയ്യുവാൻ വില്ക്കുന്നവൻ തയ്യാററായവനും ഒരുക്കമുള്ളവനും ആയിരിക്കുകയും, അവയുടെ ഡെലിവറി എടുക്കുവാൻ വാങ്ങുന്നവനോട് അപേക്ഷിക്കുകയും അങ്ങനെയുള്ള അപേക്ഷയ്ക്കുശേഷം ന്യായമായ സമയ ത്തിനുള്ളിൽ വാങ്ങുന്നവൻ സാമാനങ്ങളുടെ ഡെലിവറി എടുക്കാതിരിക്കുകയും ചെയ്യുമ്പോൾ, ഡെലിവറി എടുക്കുന്നതിനുള്ള ഉപേക്ഷയാലോ നിരസന ത്താലോ സംഭവിച്ചിട്ടുള്ള ഏതു നഷ്ടത്തിനും കൂടാതെ സാമാനങ്ങളുടെ പരി രക്ഷണത്തിനും കസ്ററഡിക്കും വേണ്ടി ന്യായമായ ഒരു ചാർജ്ജിനും അയാൾ വില്ക്കുന്നവനോട് ബാദ്ധ്യസ്ഥനാകുന്നു:

എന്നാൽ, ഡെലിവറി എടുക്കുന്നതിനുള്ള വാങ്ങുന്നവന്റെ ഉപേക്ഷയോ നിരസനമോ കാൺട്രാക്ററിന്റെ നിരാകരണമായിത്തീരുന്നിടത്ത്, ഈ വകുപ്പിലെ യാതൊന്നും വില്ക്കുന്നവന്റെ അവകാശങ്ങളെ ബാധിക്കുന്നതല്ല.

## അദ്ധ്യായം V

## വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് സാമാനങ്ങളിലുള്ള അവകാശങ്ങൾ

45. "വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവൻ"—നിർവ്വചനം.—(1) ഈ ആക്ററിന്റെ അർത്ഥത്തിൽ—

(ക) മുഴുവൻ വിലയും നല്കുകയോ ടെൻഡർ ചെയ്യുകയോ ചെയ്തിട്ടില്ലാത്തപ്പോഴും ;

(ഖ) ഒരു വിനിമയ പത്രമോ മററു നെഗോഷ്യബിൾ പ്രാമാണമോ സോപാധികമായ വില നല്കലായി സ്വീകരിച്ചിരിക്കുകയും, അത് ഏതു് ഉപാധിയിൻമേലാണോ സ്വീകരിച്ചത്, ആ ഉപാധി പ്രമാണം ഡിസാണർ ചെയ്തകാരണത്താലോ മററു കാരണത്താലോ നിറവേററപ്പെടാതിരിക്കുകയും ചെയ്യുമ്പോഴും ;

സാമാനങ്ങൾ വില്ക്കുന്നവൻ "വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവൻ" ആയി കരുതപ്പെടുന്നതാകുന്നു.

(2) ഈ അദ്ധ്യായത്തിൽ, "വില്ക്കുന്നവൻ" എന്നപദത്തിൽ വില്ക്കുന്നവന്റെ സ്ഥാനത്തുള്ള ഏതെങ്കിലും ആൾ, ഉദാഹരണമായി വില്ക്കുന്നവന്റെ ഏതു് ഏജൻറിനാണോ കേവ്പത്രം എൻഡോഴ്സ് ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഏജൻറോ അല്ലെങ്കിൽ വില താൻ തന്നെ കൊടുക്കുകയോ വിലയ്ക്ക് നേരിട്ടുത്തരവാദപ്പെടുകയോ ചെയ്തിട്ടുള്ള കൺസൈനറോ ഏജൻറോ ഉൾപ്പെടുന്നതാകുന്നു.

46. വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന്റെ അവകാശങ്ങൾ.— ഈ ആക്ററിലേയും തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സാമാനങ്ങളിലെ സ്വത്വം വാങ്ങുന്നവനിലേക്ക് സംക്രമിച്ചിരിക്കാമെങ്കിലും സാമാനങ്ങളുടെ വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് ആ നിലയിൽ, നിയമത്തിന്റെ വ്യംഗ്യാർത്ഥത്തിൽ—

(ക) സാമാനങ്ങൾ തന്റെ കൈവശം ഇരിക്കെ വിലയ്ക്ക് അവയിൻമേലുള്ള ലീൻ ;

(ഖ) സാമാനങ്ങൾ തന്റെ കൈവശം വിട്ടതിനുശേഷവും വാങ്ങുന്നവൻ നിർദ്ധനനാകുന്ന സംഗതിയിൽ, മാർഗ്ഗമദ്ധ്യേ അവ തടഞ്ഞുനിറുത്തുന്നതിനുള്ള അവകാശം ;

(ഗ) ഈ ആക്ററിനാൽ പരിമിതപ്പെടുത്തിയപ്രകാരം പുനർ വില്പനയ്ക്കുള്ള അവകാശം ;

എന്നിവ ഉണ്ടായിരിക്കുന്നതാണ്.

(2) സാമാനങ്ങളിലെ സ്വത്വം വാങ്ങുന്നവനിലേക്ക് സംക്രമിച്ചിട്ടില്ലാത്തിടത്ത്, വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് തന്റെ മററു നിവൃത്തിമാർഗ്ഗങ്ങൾക്കു പുറമേ വാങ്ങുന്നവനിലേക്ക് സ്വത്വം സംക്രമിച്ചിട്ടുള്ളിടത്ത് ലീനിനും മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തുവാനും തനിക്കുള്ള അവകാശങ്ങൾക്ക് സദൃശവും സമവ്യാപകവും ആയ, ഡെലിവറി നിറുത്തിവയ്ക്കുവാനുമുള്ള അവകാശം ഉണ്ട്.

## വിലകിട്ടിയിട്ടില്ലാത്ത വില്ക്കുന്നവൻെറ ലീൻ

47. വില്ക്കുന്നവൻെറ ലീൻ.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, സാമാനങ്ങൾ കൈവശമുള്ള വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് വിലകിട്ടുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നതുവരെ അവ കൈവശം വച്ചുകൊണ്ടിരിക്കുവാൻ താഴെ പറയുന്ന സംഗതികളിൽ അവകാശമുള്ളതാകുന്നു. അതായത്:—

(ക) ക്രെഡിററ് നല്കുന്നതു സംബന്ധിച്ച് നിശ്ചയങ്ങൾ ഒന്നും ഇല്ലാതെ സാമാനങ്ങൾ വിററിട്ടുള്ളപ്പോൾ;

(ഖ) സാമാനങ്ങൾ ക്രെഡിററിൻമേൽ വില്ക്കുകയും ക്രെഡിററിൻെറ കാലാവധി അവസാനിക്കുകയും ചെയ്തിട്ടുള്ളപ്പോൾ;

(ഗ) വാങ്ങുന്നവൻ നിർദ്ധനനായിത്തീരുമ്പോൾ.

(2) വില്ക്കുന്നവന് വാങ്ങുന്നവൻെറ ഏജൻേറാ ബെയിലിയോ എന്ന നിലയിലാണ് സാമാനങ്ങൾ കൈവശമുള്ളത് എന്നിരുന്നാലും തൻെറ ലീൻ അവകാശം പ്രയോഗിക്കാവുന്നതാണ്.

48. ഭാഗികമായ ഡെലിവറി.— വിലകിട്ടിയിട്ടില്ലാത്ത വില്ക്കുന്നവൻ സാമാനങ്ങൾ ഭാഗികമായി ഡെലിവർ ചെയ്തിട്ടുള്ളപ്പോൾ, അങ്ങനെയുള്ള ഭാഗികമായ ഡെലിവറി, ലീൻ വേണ്ടെന്ന് വയ്ക്കാനുള്ള ഒരു കരാർ ഉണ്ടെന്ന് കാണിക്കുന്ന പരിതഃസ്ഥിതികളിൽ ചെയ്തിട്ടുള്ളതല്ലാത്തപക്ഷം, ബാക്കിയുള്ളവയിൽ അയാൾക്ക് തൻെറ ലീൻ അവകാശം പ്രയോഗിക്കാവുന്നതാണ്.

49. ലീൻ അവസാനിക്കൽ.—(1) സാമാനങ്ങളുടെ വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന്, അവയിലുള്ള ലീൻ—

(ക) അയാൾ സാമാനങ്ങൾ കൈയൊഴിക്കുവാനുള്ള അവകാശം വച്ചുപോരാതെ വാങ്ങുന്നവന് എത്തിച്ചുകൊടുക്കുവാൻ വേണ്ടി ഒരു വാഹകനോ മററ് ബെയിലിക്കോ അവ ഡെലിവർ ചെയ്യുമ്പോഴും,

(ഖ) വാങ്ങുന്നവനോ അയാളുടെ ഏജൻറിനോ സാമാനങ്ങൾ, നിയമാനുസൃതം കൈവശം കിട്ടുമ്പോഴും,

(ഗ) അത് വേണ്ടെന്നു വയ്ക്കുമ്പോഴും, നഷ്ടപ്പെടുന്നു.

(2) സാമാനങ്ങളുടെ വിലയ്ക്ക് വിധി സമ്പാദിച്ചിട്ടുണ്ട് എന്ന കാരണത്താൽ മാത്രം സാമാനങ്ങളിൻമേൽ ലീനുള്ള, വിലകിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന്, ആ ലീൻ നഷ്ടപ്പെടുന്നില്ല.

## മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തൽ

50. മാർഗ്ഗമദ്ധ്യേ തടഞ്ഞു നിറുത്തുന്നതിനുള്ള അവകാശം.—ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിധേയമായി. വാങ്ങുന്നവൻ നിർദ്ധനനായിത്തീരുമ്പോൾ, സാമാനങ്ങളുടെ കൈവശം കൈവിട്ടുപോയിട്ടുള്ള വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന്, അവ മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തുന്നതിന് അവകാശം ഉണ്ട്. അതായത് സാമാനങ്ങൾ മാർഗ്ഗമദ്ധ്യേ ആയിരിക്കുന്നിടത്തോളം കാലം അയാൾക്ക് അവയുടെ കൈവശം വീണ്ടെടുക്കാവുന്നതും, വിലകിട്ടുകയോ വില ടെൻഡർ ചെയ്യുകയോ ചെയ്യുന്നതുവരെ അവ വച്ചുകൊണ്ടിരിക്കാവുന്നതും ആണ്.

51. <u>മാർഗ്ഗമദ്ധ്യത്തിൽ ആയിരിക്കുന്നകാലം.</u>—(1) വാങ്ങുന്നവന
എത്തിച്ചു കൊടുക്കുവാൻവേണ്ടി ഒരു വാഹകനോ മററു ബെയിലിക്കോ സാമാ
നങ്ങൾ ഡെലിവർ ചെയ്യുന്ന സമയം മുതൽ വാങ്ങുന്നവനോ അതിനുള്ള അയാ
ളുടെ ഏജൻേറാ, അങ്ങനെയുള്ള വാഹകനിൽ നിന്നോ മററ് ബെയിലിയിൽ
നിന്നോ, അവ ഡെലിവറി എടുക്കുന്നതുവരെ അവ മാർഗ്ഗമദ്ധ്യത്തിലാണെന്ന്
കരുതപ്പെടുന്നതാകുന്നു.

(2) വാങ്ങുന്നവനോ അതിനുള്ള അയാളുടെ ഏജൻേറാ സാമാനങ്ങൾ,
അവയ്ക്ക് നിശ്ചയിച്ച ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനുമുമ്പ്, ഡെലി
വറി എടുക്കുന്നുവെങ്കിൽ, അവയുടെ മാർഗ്ഗമദ്ധ്യസ്ഥിതി അവസാനി
ക്കുന്നു.

എത്തിയതിനു ശേഷം
(3) നിശ്ചിത ലക്ഷ്യസ്ഥാനത്ത് സാമാനങ്ങൾ ഏജൻറിനോടോ,
വാഹകനോ മററ് ബെയിലിയോ, വാങ്ങുന്നവനോടോ അയാളുടെ ഏജൻറിനോടോ,
താൻ സാമാനങ്ങൾ അയാൾക്കു വേണ്ടിയാണ് കൈവശം വയ്ക്കുന്നതെന്ന്
സമ്മതിക്കുകയും, വാങ്ങുന്നവൻേറയോ അയാളുടെ ഏജൻറിൻേറയോ ബെയിലി
എന്ന നിലയിൽ അവയുടെ കൈവശം തുടരുകയും ചെയ്യുന്നുവെങ്കിൽ മാർഗ്ഗ
മദ്ധ്യ സ്ഥിതി അവസാനിക്കുന്നതും, സാമാനങ്ങൾക്ക് പിന്നീടൊരു ലക്ഷ്യ
സ്ഥാനംകൂടി വാങ്ങുന്നവൻ സൂചിപ്പിച്ചിട്ടുണ്ടാവാമെന്നത് സാരമല്ലാത്തതും
ആകുന്നു.

(4) വാങ്ങുന്നവൻ സാമാനങ്ങൾ നിരസിക്കുകയും വാഹകനോ മററ്
ബെയിലിയോ അവയുടെ കൈവശം തുടരുകയും ചെയ്യുന്നുവെങ്കിൽ, അവ
തിരിയെ സ്വീകരിക്കുവാൻ വില്ക്കുന്നവൻ വിസമ്മതിച്ചിട്ടുണ്ട് എന്നിരുന്നാലും,
മാർഗ്ഗമദ്ധ്യ സ്ഥിതി അവസാനിച്ചതായി കരുതപ്പെടുന്നതല്ല.

സാമാനങ്ങൾ
(5) വാങ്ങുന്നവൻ ചാർട്ടർ ചെയ്ത ഒരു കപ്പലിലേയ്ക്ക്
ഡെലിവർ ചെയ്യുമ്പോൾ, ഒരു വാഹകൻ എന്ന നിലയിലാണോ വാങ്ങുന്നവൻെറ
ഏജൻറ് എന്ന നിലയിലാണോ അവ കപ്പലിൻെറ മാസ്ററരുടെ കൈവശമിരിക്കു
ന്നത് എന്നത് ആ പ്രത്യേക സംഗതിയുടെ പരിതഃസ്ഥിതികളെ ആശ്രയിക്കുന്ന
പ്രശ്നമാകുന്നു.

(6) വാങ്ങുന്നവനോ അയാളുടെ അതിനുള്ള ഏജൻറിനോ സാമാനങ്ങൾ
ഡെലിവർ ചെയ്യുവാൻ വാഹകനോ മററ് ബെയിലിയോ അന്യായമായി വിസമ്മ
തിക്കുന്നിടത്ത്, മാർഗ്ഗ മദ്ധ്യസ്ഥിതി അവസാനിച്ചതായി കരുതപ്പെടുന്ന
താകുന്നു.

(7) വാങ്ങുന്നവനോ അയാളുടെ അതിനുള്ള ഏജൻറിനോ സാമാനങ്ങൾ
ഭാഗികമായി ഡെലിവർ ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഭാഗികമായ ഡെലി
വറി മുഴുവൻ സാമാനങ്ങളുടേയും കൈവശം ഉപേക്ഷിക്കുന്നതിനുള്ള കരാർ
ഉണ്ടെന്ന് കാണിക്കുന്ന പരിതഃസ്ഥിതികളിൽ ചെയ്തിട്ടുള്ളതല്ലാത്തപക്ഷം,
ബാക്കിയുള്ള സാമാനങ്ങൾ മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്താവുന്നതാണ്.

52. <u>മാർഗ്ഗമദ്ധ്യേയുള്ള തടഞ്ഞുനിറുത്തൽ എങ്ങിനെ നടത്തുന്നു എന്ന്.</u>
സാമാനങ്ങൾ
(1) വിലകിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് മാർഗ്ഗമദ്ധ്യേ
തടഞ്ഞുനിറുത്താനുള്ള തൻെറ അവകാശം, സാമാനങ്ങൾ യഥാർത്ഥത്തിൽ കൈ
വശം എടുക്കുന്നതുവഴിയോ തൻെറ അവകാശത്തെപ്പററി സാമാനങ്ങൾ കൈ
വശമുള്ള വാഹകനോ മററ് ബെയിലിക്കോ നോട്ടീസ് നല്കുന്നതുവഴിയോ
പ്രയോഗിക്കാവുന്നതാണ്. അങ്ങനെയുള്ള നോട്ടീസ് ഒന്നുകിൽ സാമാനങ്ങൾ

യഥാർത്ഥമായി കൈവശമുള്ള ആൾക്കോ അല്ലെങ്കിൽ അയാളുടെ പ്രിൻസിപ്പലിനോ നല്കാവുന്നതാണ്. രണ്ടാമത് പറഞ്ഞ സംഗതിയിൽ, നോട്ടീസ് ഫലപ്രദമാകുന്നതിന് അത് പ്രിൻസിപ്പലിന് വാങ്ങുന്നവനുള്ള ഡെലിവറി തടയുവാൻ തന്റെ ഭൃത്യനേയോ ഏജന്റിനേയോ അത് അറിയിക്കാൻ ന്യായമായി ശ്രദ്ധചെലുത്തിയാൽ കഴിയത്തക്കസമയത്തും പരിതഃസ്ഥിതികളിലും നല്കേണ്ടതാകുന്നു.

(2) വില്ക്കുന്നവൻ സാമാനങ്ങൾ കൈവശമുള്ള വാഹകനോ മററ് ബെയിലിക്കോ മാർഗ്ഗമദ്ധ്യേ അവ തടഞ്ഞുനിറുത്തിയതിനുള്ള നോട്ടീസ് നൽകുമ്പോൾ, അയാൾ വില്ക്കുന്നവനോ വില്ക്കുന്നവന്റെ നിദേശങ്ങൾ അനുസരിച്ചോ അവ തിരിയെ ഡെലിവർ ചെയ്യേണ്ടതാണ്. അങ്ങനെ തിരിയെ ഡെലിവർ ചെയ്യുന്നതിന്റെ ചെലവുകൾ വില്ക്കുന്നവൻ വഹിക്കേണ്ടതാകുന്നു.

## വാങ്ങുന്നവനും വില്ക്കുന്നവനും ചെയ്യുന്ന കൈമാററം

53. <u>വാങ്ങുന്നവന്റെ ഉപവില്പനയുടേയോ പണയത്തിന്റേയോ പ്രഭാവം.—(1)</u> ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് ലീനിനോ മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തുന്നതിനോ ഉള്ള അവകാശത്തെ, വാങ്ങുന്നവൻ ചെയ്തിട്ടുണ്ടാകാവുന്ന സാമാനങ്ങളുടെ ഏതെങ്കിലും വില്പനയോ മററ് വിനിയോഗമോ, വില്ക്കുന്നവൻ അതിന് അനുമതി നല്കിയിട്ടില്ലാത്ത പക്ഷം, ബാധിക്കുന്നതല്ല:

എന്നാൽ, വാങ്ങുന്നവനോ സാമാനങ്ങളുടെ ഉടമസ്ഥനോ എന്ന നിലയ്ക്ക് ഏതെങ്കിലും ആൾക്ക് സാമാനങ്ങളുടെ ഒരു അവകാശരേഖ നല്കുകയോ നിയമാനുസൃതം കൈമാററം ചെയ്യുകയോ ചെയ്തിരിക്കുകയും, അയാൾ ആ രേഖ ഉത്തമ വിശ്വാസത്തിലും പ്രതിഫലം കൊടുത്തും സ്വീകരിക്കുന്ന ഒരാൾക്ക് കൈമാററം ചെയ്യുകയും ചെയ്യുന്നിടത്ത്, ഒടുവിൽ പറഞ്ഞ അങ്ങനെയുള്ള കൈമാററം വില്പന ആയിരുന്നു എങ്കിൽ, വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് ലീനിനോ മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തുന്നതിനോ ഉള്ള അവകാശം നഷ്ടപ്പെടുന്നതും, ഒടുവിൽ പറഞ്ഞ അങ്ങനെയുള്ള കൈമാററം പണയമോ മൂല്യത്തിനുള്ള മററു വിനിയോഗമോ ആയിരുന്നുവെങ്കിൽ വിലകിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് ലീനിനോ മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തുന്നതിനോ ഉള്ള അവകാശം കൈമാററം വാങ്ങുന്ന ആളുടെ അവകാശങ്ങൾക്ക് വിധേയമായി മാത്രം പ്രയോഗിക്കാവുന്നതും ആണ്.

(2) കൈമാററം പണയമായിട്ടുള്ളിടത്ത്, പണയസംഖ്യയ്ക്ക് കഴിവുള്ളിടത്തോളം, പണയം വാങ്ങിയവന്റെ കൈയിലുള്ളതും വാങ്ങുന്നവനെതിരായി പ്രയോജനപ്പെടുത്താവുന്നതും ആയ വാങ്ങുന്നവന്റെ മററ് ഏതെങ്കിലും സാമാനങ്ങളിൽനിന്നോ ഈടുകളിൽനിന്നോ ഒന്നാമതായി നിവൃത്തിനേടണമെന്ന് വിലകിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് പണയം വാങ്ങിയവനോട് ആവശ്യപ്പെടാവുന്നതാണ്.

54. <u>ലീനോ, മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തലോ മൂലം സാമാന്യമായി വില്പന റദ്ദാക്കുന്നില്ലെന്ന്.—(1)</u> ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, വിലകിട്ടിയിട്ടില്ലാത്ത ഒരു വില്ക്കുന്നവൻ അയാളുടെ ലീനോ മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തുന്നതിനുള്ള അവകാശമോ പ്രയോഗിക്കുന്നതുകൊണ്ടുമാത്രം വില്പന കാൺട്രാകററ് റദ്ദാക്കപ്പെടുന്നില്ല.

(2) സാമാനങ്ങൾ വേഗം കേടുവരുന്ന സ്വഭാവമുള്ളവയായിരിക്കുന്നിടത്തോ, അല്ലെങ്കിൽ തന്റെ ലീനോ മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തുന്നതിനുള്ള അവകാശമോ പ്രയോഗിച്ചിട്ടുള്ള വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവൻ വീണ്ടും വില്ക്കുവാനുള്ള തന്റെ ഉദ്ദേശത്തെപ്പററി വാങ്ങുന്നവനു

നോട്ടീസ് നല്കുന്നിടത്തോ, വാങ്ങുന്നവൻ ന്യായമായ സമയത്തിനുള്ളിൽ വില നല്കുകയോ വില ടെൻഡർ ചെയ്യുകയോ ചെയ്യുന്നില്ലെങ്കിൽ, വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് ന്യായമായ ഒരു സമയത്തിനുള്ളിൽ സാമാനങ്ങൾ വീണ്ടും വില്ക്കുകയും, ആദ്യത്തെ വാങ്ങുന്നവനിൽനിന്ന് അയാളുടെ കാൺട്രാക്ററ് ലംഘനത്താൽ സംഭവിച്ചിട്ടുള്ള ഏതെങ്കിലും നഷ്ടത്തിന് നഷ്ടപരിഹാരം വസൂലാക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ വീണ്ടുമുള്ള വില്പനയിലുണ്ടാകാവുന്ന ഏതെങ്കിലും ലാഭത്തിന് വാങ്ങുന്നവന് അവകാശം ഉണ്ടായിരിക്കുന്നതല്ല. അങ്ങനെയുള്ള നോട്ടീസ് നല്കിയിട്ടില്ല എങ്കിൽ, വില കിട്ടിയിട്ടില്ലാത്ത വില്ക്കുന്നവന് അങ്ങനെയുള്ള നഷ്ടപരിഹാരം വസൂലാക്കാൻ അവകാശമില്ലാത്തതും, വീണ്ടുമുള്ള വില്പനയിൽ ലാഭം ഏതെങ്കിലും ഉണ്ടായാൽ അതിന് വാങ്ങുന്നവന് അവകാശമുള്ളതും, ആകുന്നു.

(3) ലീനോ അല്ലെങ്കിൽ മാർഗ്ഗമദ്ധ്യേ തടഞ്ഞുനിറുത്തുന്നതിനുള്ള അവകാശമോ പ്രയോഗിച്ചിട്ടുള്ള വില കിട്ടിയിട്ടില്ലാത്ത ഒരു വില്ക്കുന്നവൻ സാമാനങ്ങൾ വീണ്ടും വില്ക്കുന്നിടത്ത്, വാങ്ങുന്നവൻ അവയിൽ, വീണ്ടുമുള്ള വില്പനയെപ്പററി ആദ്യത്തെ വാങ്ങുന്നവന് നോട്ടീസ് നല്കപ്പെട്ടിട്ടില്ലെന്നിരുന്നാലും, ആദ്യത്തെ വാങ്ങുന്നവനെതിരായി സാധുവായ അവകാശം ആർജ്ജിക്കുന്നു.

(4) വില്ക്കുന്നവൻ, വാങ്ങുന്നവൻ വീഴ്ച വരുത്തിയാൽ വീണ്ടും വില്ക്കുന്നതിനുള്ള ഒരു അവകാശം പ്രകടമായി വച്ചുപോരുകയും, വാങ്ങുന്നവൻ വീഴ്ച വരുത്തുമ്പോൾ സാമാനങ്ങൾ വീണ്ടും വില്ക്കുകയും ചെയ്യുന്നിടത്ത്, ആദ്യത്തെ വില്പന കാൺട്രാക്ററ് അതുവഴി റദ്ദാക്കപ്പെടുന്നു എന്നാൽ അത് നഷ്ടപരിഹാരത്തിന് വില്ക്കുന്നവന് ഉണ്ടാകാവുന്ന ഏതെങ്കിലും അവകാശവാദത്തിന് ഭംഗം വരാതെ ആകുന്നു.

## അദ്ധ്യായം VI

## കാൺട്രാക്ററു ലംഘനത്തിനുള്ള വ്യവഹാരങ്ങൾ

55. വിലയ്ക്കുള്ള വ്യവഹാരം.—(1) ഒരു വില്പന കാൺട്രാക്ററിൻ കീഴിൽ സാമാനങ്ങളിലെ സ്വത്വം വാങ്ങുന്നവനിലേയ്ക്ക് സംക്രമിച്ചിരിക്കുകയും, കാൺട്രാക്ററിലെ നിബന്ധനകളനുസരിച്ച് സാമാനങ്ങൾക്ക് വില നല്കുവാൻ വാങ്ങുന്നവൻ അന്യായമായി ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത് അയാൾക്കെതിരായി സാമാനങ്ങളുടെ വിലയ്ക്ക് വില്ക്കുന്നവന് വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

(2) ഡെലിവറിയെപ്പററി പരിഗണിക്കാതെ ഒരു വില്പന കാൺട്രാക്ററിൻ കീഴിൽ വില ഒരു നിശ്ചിത ദിവസം നല്കേണ്ടതായിരിക്കുകയും, അങ്ങനെയുള്ള വില നല്കുവാൻ വാങ്ങുന്നവൻ അന്യായമായി ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്, സാമാനങ്ങളിലെ സ്വത്വം സംക്രമിക്കുകയും സാമാനങ്ങൾ കാൺട്രാക്ററിലേക്ക് വിനിയോഗിക്കുകയും ചെയ്തിട്ടില്ല എങ്കിലും, അയാൾക്കെതിരായി സാമാനങ്ങളുടെ വിലയ്ക്ക് വില്ക്കുന്നവന് വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

56. പ്രതിഗ്രഹിക്കാതിരിക്കുന്നതിനുള്ള നഷ്ടപരിഹാരം.—സാമാനങ്ങൾ പ്രതിഗ്രഹിക്കുകയും അവയ്ക്ക് വില നല്കുകയും ചെയ്യുന്നതിന് വാങ്ങുന്നവൻ അന്യായമായി ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്നിടത്ത് അയാൾക്കെതിരായി അവ പ്രതിഗ്രഹിക്കാത്തതിനുള്ള നഷ്ടപരിഹാരത്തിന് വില്ക്കുന്നവന് വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

3/2606/V.

57. <u>ഡെലിവർ ചെയ്യാതിരിക്കുന്നതിനുള്ള നഷ്ടപരിഹാരം.</u>—വാങ്ങുന്ന
വന് സാമാനങ്ങൾ ഡെലിവർ ചെയ്യുവാൻ വില്ക്കുന്നവൻ അന്യായമായി
ഉപേക്ഷ വരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുന്നിടത്ത്, അയാൾക്കെ
തിരായി ഡെലിവർ ചെയ്യാത്തതിനുള്ള നഷ്ടപരിഹാരത്തിന് വാങ്ങുന്നവന്
വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

58. <u>പ്രത്യേക നിർവ്വഹണം.</u>—പ്രത്യേക നിവൃത്തി ആക്റ്റ്, 1877-ലെ
(1877-ലെ 1.) രണ്ടാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി,
വിനിർദിഷ്ട സാമാനങ്ങളോ തിട്ടപ്പെടുത്തിയ സാമാനങ്ങളോ ഡെലിവർ
ചെയ്യുന്നതിനുള്ള കാൺട്രാക്റ്റിന്റെ ലംഘനത്തിനുള്ള ഏതെങ്കിലും വ്യവ
ഹാരത്തിൽ, കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അതിന്റെ വിധി
പ്രകാരം, വാദിയുടെ അപേക്ഷയിൻമേൽ, നഷ്ടപരിഹാരം നല്കി
സാമാനങ്ങൾ വച്ചുകൊണ്ടിരിക്കുവാനുള്ള ഐച്ഛികാവകാശം പ്രതിക്ക്
നല്കാതെ, കാൺട്രാക്റ്റ് നിർദിഷ്ടമായവിധം നിർവ്വഹിക്കേണ്ടതാണെന്ന്
നിദേശിക്കാവുന്നതാണ്. വിധി നിരുപാധികമോ അല്ലെങ്കിൽ നഷ്ടപരി
ഹാരമോ വില നല്കലോ മറ്റോ സംബന്ധിച്ച് കോടതിക്ക് ന്യായമെന്ന്
തോന്നുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഉള്ളതോ ആകാവു
ന്നതും, വാദിയുടെ അപേക്ഷ വിധിക്ക് മുമ്പ് ഏത് സമയത്തും ബോധി
പ്പിക്കാവുന്നതും ആണ്.

59. <u>വാറൻറിയുടെ ലംഘനത്തിനുള്ള നിവൃത്തി മാർഗ്ഗം.</u>—(1) വില്
ക്കുന്നവൻ വാറൻറി ലംഘിക്കുകയോ അല്ലെങ്കിൽ വില്ക്കുന്നവന്റെ ഭാഗത്തു
നിന്നുള്ള ഒരു ഉപാധിയുടെ ഏതെങ്കിലും ലംഘനം വാങ്ങുന്നവൻ
ഐച്ഛികമായി വാറൻറിയുടെ ലംഘനമായി കണക്കാക്കുകയോ കണക്കാക്കു
വാൻ നിർബന്ധിതനാകുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള വാറൻറി
ലംഘനം കാരണമായി മാത്രം സാമാനങ്ങൾ നിരസിക്കുവാൻ വാങ്ങുന്നവന്
അവകാശം ഉണ്ടായിരിക്കുന്നതല്ല ; എന്നാൽ അയാൾക്ക്

(ക) വാറൻറി ലംഘനം, വില കുറയ്ക്കാനോ നൽകേണ്ടതില്ലാതാ
ക്കാനോ വില്ക്കുന്നവന് എതിരായി ഉന്നയിക്കുകയോ ; അല്ലെ
ങ്കിൽ

(ഖ) വാറൻറി ലംഘനത്തിന് നഷ്ടപരിഹാരത്തിന് വില്ക്കുന്ന
വനെതിരായി വ്യവഹാരം ബോധിപ്പിക്കുകയോ, ചെയ്യാവുന്ന
താണ്.

(2) വാങ്ങുന്നവൻ ഒരു വാറൻറി ലംഘനം വില കുറയ്ക്കുന്നതിനോ
നൽകേണ്ടതില്ലാതാക്കുന്നതിനോ ഉന്നയിച്ചിട്ടുണ്ട് എന്ന വസ്തുത അയാൾക്ക്
കൂടുതൽ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അതേ വാറൻറി ലംഘനത്തിന്
വ്യവഹാരം ബോധിപ്പിക്കുന്നതിൽനിന്ന് അയാളെ തടയുന്നില്ല.

60. <u>നിശ്ചിതത്തീയതിക്ക് മുമ്പ് കാൺട്രാക്റ്റ് നിരാകരിക്കുന്നത്.</u>—
ഒരു വില്പന കാൺട്രാക്റ്റിലെ രണ്ടിലേതെങ്കിലും കക്ഷി സാമാനങ്ങളുടെ
ഡെലിവറിക്കുള്ള തീയതിക്ക് മുമ്പ് കാൺട്രാക്റ്റ് നിരാകരിക്കുന്നിടത്ത്,
മറ്റേ കക്ഷിക്ക് കാൺട്രാക്റ്റ് നിലവിലുള്ളതായി കണക്കാക്കുകയും ഡെലി
വറിക്കുള്ള തീയതിവരെ കാത്തിരിക്കുകയും ചെയ്യുകയോ അല്ലെങ്കിൽ കാൺട്രാ
ക്റ്റ് റദ്ദാക്കിയതായി കണക്കാക്കുകയും ലംഘനത്തിനുള്ള നഷ്ടപരി
ഹാരത്തിന് വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യുകയോ ചെയ്യാവുന്ന
താണ്.

61. <u>നഷ്ടപരിഹാരമായുള്ള പലിശയും വിശേഷ നഷ്ടപരിഹാരവും.</u>— (1) പലിശയോ വിശേഷനഷ്ടപരിഹാരമോ നിയമപ്രകാരം വസൂലാക്കാവുന്ന ഏതെങ്കിലും സംഗതിയിൽ പലിശയോ വിശേഷനഷ്ടപരിഹാരമോ വസൂലാക്കുവാനോ അല്ലെങ്കിൽ നല്കിയ പണം അതിനുള്ള പ്രതിഫലമില്ലാതാകുന്നിടത്ത്, തിരിയെ വസൂലാക്കുവാനോ, വില്ക്കുന്നവനോ വാങ്ങുന്നവനോ ഉള്ള അവകാശത്തെ ഈ ആക്റ്റിലെ യാതൊന്നും ബാധിക്കുന്നതല്ല.

(2) വിപരീതമായ കാൺട്രാക്റ്റിൻെറ അഭാവത്തിൽ 'വിലയുടെ തുകയ്ക്ക്' കോടതിക്ക് അതിന് യുക്തമെന്ന് തോന്നുന്ന നിരക്കിൽ—

(ക) വിലയുടെ തുകയ്ക്ക് വില്ക്കുന്നവൻ ബോധിപ്പിച്ച വ്യവഹാരത്തിൽ—സാമാനങ്ങൾ ടെൻഡർ ചെയ്ത തീയതി മുതല്ക്കോ വിലനല്കേണ്ടതായിരുന്ന തീയതി മുതല്ക്കോ ;

(ഖ) വില്ക്കുന്നവൻെറ ഭാഗത്തുനിന്നുള്ള കാൺട്രാക്റ്റു ലംഘനത്തിൻെറ സംഗതിയിൽ വില മടക്കിക്കിട്ടുന്നതിനു വേണ്ടി വാങ്ങുന്നവൻ ബോധിപ്പിച്ച ഒരു വ്യവഹാരത്തിൽ—വില നല്കിയ തീയതി മുതല്ക്കോ ; പലിശ അനുവദിക്കാവുന്നതാണ്.

## അദ്ധ്യായം VII

## പലവക

62. <u>വ്യംഗ്യമായ നിബന്ധനകളും ഉപാധികളും ഒഴിവാക്കൽ</u> :— ഒരു വില്പന കാൺട്രാക്റ്റിൻ കീഴിൽ ഏതെങ്കിലും അവകാശമോ കർത്തവ്യമോ ബാദ്ധ്യതയോ നിയമത്തിൻെറ വ്യംഗ്യാർത്ഥത്തിൽ ഉത്ഭവിക്കുമെന്നുള്ളിടത്ത്, അത്, പ്രകടമായ കരാറിനാലോ കക്ഷികൾ തമ്മിലുള്ള ഇടപാട് മുറയാലോ അല്ലെങ്കിൽ കാൺട്രാക്റ്റിലെ ഇരുകക്ഷികളേയും ബാധിക്കുന്ന വിധത്തിലുള്ളതാണെങ്കിൽ വഴക്കത്താലോ, ഇല്ലെന്നുകാണിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

63. <u>വ്യംഗ്യമായ സമയം ഒരു വസ്തുതാ പ്രശ്നമാണെന്ന്.</u>— ഈ ആക്റ്റിൽ ന്യായമായ സമയത്തെക്കുറിച്ച് എന്തെങ്കിലും പരാമർശം ഉള്ളിടത്ത്, ന്യായമായ സമയം എന്താണെന്നത് ഒരു വസ്തുതാപ്രശ്നമാകുന്നു.

64. <u>ലേലവില്പന</u> :— ലേലവില്പനയുടെ സംഗതിയിൽ—

(1) സാമാനങ്ങൾ ലാട്ടുകളായി വില്പനയ്ക്ക് വച്ചിരിക്കുന്നിടത്ത്, ഓരോ ലാട്ടും വെവ്വേറെയുള്ള വില്പന കാൺട്രാക്റ്റിന് വിഷയമായി പ്രഥമദൃഷ്ടിയിൽ കരുതപ്പെടുന്നതാകുന്നു ;

(2) ലേലക്കാരൻ കൊട്ടുവടികൊണ്ട് അടിച്ചോ മററു പതിവ് മുറ പ്രകാരമോ വില്പന പൂർത്തിയായതായി വിളിച്ചുപറയുമ്പോൾ വില്പന പൂർത്തിയാകുന്നതും, അങ്ങനെ വിളിച്ചു പറയുന്നതു വരെ, ലേലം വിളി കേൾക്കുന്ന ഏതൊരാൾക്കും താൻ വിളി കേട്ടത്, പിൻവലിക്കാവുന്നതും ആണ് ;

(3) വിളി കേൾക്കുവാനുള്ള അവകാശം, വില്ക്കുന്നവനോ വില്ക്കുന്നവനു വേണ്ടിയോ പ്രകടമായി വച്ചുപോരാവുന്നതും, അങ്ങനെയുള്ള അവകാശം അപ്രകാരം പ്രകടമായി വച്ചുപോരുന്നിടത്ത്, ഇതിൽ ഇതിനുശേഷം അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, വില്ക്കുന്നവനോ അയാൾക്കുവേണ്ടി മററൊരാൾക്കോ ലേലത്തിൽ വിളികേൾക്കാവുന്നതും, മററുവിധത്തിൽ അങ്ങനെ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(4) വില്പന വില്ക്കുന്നതിനുവേണ്ടി വിളികേൾക്കാനുള്ള അവകാ
ശത്തിന് വിധേയമാണെന്ന് വിജ്ഞാപനം ചെയ്തിട്ടില്ലാത്തിടത്ത്,
വില്ക്കുന്നവൻ വിളികേൾക്കുകയോ അങ്ങനെയുള്ള വില്പനയിൽ വിളി
കേൾക്കാൻ ഏതെങ്കിലും ആളെ നിയോഗിക്കുകയോ ചെയ്യുന്നതോ അല്ലെ
ങ്കിൽ ലേലക്കാരൻ വില്ക്കുന്നവനിൽനിന്നോ അങ്ങനെയുള്ള മററു ആളിൽ
നിന്നോ ഏതെങ്കിലും വിളികേൾക്കൽ അറിഞ്ഞുകൊണ്ട് സ്വീകരിക്കുന്നതോ
നിയമാനുസൃതമല്ലാത്തതാകുന്നു ; ഈ ചട്ടം ഉല്ലംഘിച്ചുകൊണ്ടുള്ള ഏതൊരു
വില്പനയും വഞ്ചനാപൂർവ്വകമായ വില്പനയായി വാങ്ങുന്നവന് കണ
ക്കാക്കാവുന്നതാണ്.

(5) വില്പന റിസർവ്വ് വിലയ്ക്കോ അപ്സെററ് വിലയ്ക്കോ
വിധേയമാണെന്ന് വിജ്ഞാപനം ചെയ്യാവുന്നതാണ്.

(6) വില കൂട്ടുവാൻ വേണ്ടി വിളികേൾക്കുന്നതായി നടിക്കുന്നതിനെ
വില്ക്കുന്നവൻ ഉപയോഗപ്പെടുത്തുന്നു എങ്കിൽ, വാങ്ങുന്നവന് ഐച്ഛി
കമായി വില്പന ശൂന്യമാക്കാവുന്നതാണ്.

64 ക. <u>വില്പന കാൺട്രാക്ററുകളിൽ വർദ്ധിപ്പിച്ചതോ കുറച്ചതോ
ആയ നികുതികൾ കൂട്ടുകയോ കുറവുചെയ്യുകയോ ചെയ്യണമെന്ന്</u>— (1)
കാൺട്രാക്ററിലെ നിബന്ധനകളിൽ നിന്ന് വ്യത്യസ്തമായ ഉദ്ദേശം
ഉള്ളതായി കാണാത്തപക്ഷം, കാൺട്രാക്ററ് ഉണ്ടാക്കുന്ന സമയത്ത് നികുതി
ചുമത്താവുന്നതല്ലാതിരിക്കേ നികുതി നല്കേണ്ടതിനെപ്പററി നിശ്ചയങ്ങളി
ല്ലാതെ ഏതെങ്കിലും സാമാനങ്ങൾ വില്ക്കുന്നതിനോ വാങ്ങുന്നതിനോ
ഉള്ളതോ, അല്ലെങ്കിൽ ആ സമയത്ത്. നികുതി ചുമത്താവുന്നതായിരിക്കെ,
നികുതി നല്കിക്കഴിഞ്ഞ നിലയ്ക്ക് അങ്ങനെയുള്ള സാമാനങ്ങൾ വില്ക്കു
ന്നതിനോ വാങ്ങുന്നതിനോ ഉള്ളതോ ആയ ഏതെങ്കിലും കാൺട്രാക്ററ്
ഉണ്ടാക്കിയതിനുശേഷം അങ്ങനെയുള്ള സാമാനങ്ങൾ സംബന്ധിച്ച് (2)-ാം
ഉപവകുപ്പിൽ വിവരിച്ച പ്രകാരമുള്ള ഏതെങ്കിലും നികുതി ചുമത്തു
കയോ വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ഇളവ് ചെയ്യുകയോ ചെയ്യുന്ന
സംഗതിയിൽ—

(ക) അങ്ങനെയുള്ള ചുമത്തലോ വർദ്ധിപ്പിക്കലോ, അതതു സംഗതി
പോലെ, നികുതിയോ വർദ്ധിപ്പിച്ച നികുതിയോ അല്ലെങ്കിൽ
അങ്ങനെയുള്ള നികുതിയുടെ ഏതെങ്കിലും ഭാഗമോ നല്കു
കയോ നല്കേണ്ടതായി വരുകയോ ചെയ്തിരിക്കത്തക്കവിധം
പ്രഭാവത്തിൽ വരുന്നുവെങ്കിൽ വില്ക്കുന്നവന് അങ്ങനെയുള്ള
നികുതിയോ നികുതിയുടെ വർദ്ധനവോ സംബന്ധിച്ച്
നല്കിയതോ നല്കേണ്ടതോ ആയ തുകയ്ക്ക്തുല്യമായ തുക
കാൺട്രാക്ററ് വിലയോട് കൂട്ടാവുന്നതും, അങ്ങനെ കൂട്ടിയത്
കിട്ടുവാനും അതിനുവേണ്ടി വ്യവഹാരം ബോധിപ്പിക്കാനും
അത് വസൂലാക്കാനും അയാൾക്ക് അവകാശം ഉണ്ടായിരിക്കു
ന്നതും ; കൂടാതെ

(ഖ) കുറയ്ക്കലോ അങ്ങനെയുള്ള ഇളവുചെയ്യലോ, അതതുസംഗതി
പോലെ കുറച്ച നികുതിമാത്രം നല്കുകയോ നല്കേണ്ടതായി
വരികയോ അല്ലെങ്കിൽ യാതൊരു നികുതിയും നല്കാതിരി
ക്കുകയോ നല്കേണ്ടതായി വരാതിരിക്കുകയോ ചെയ്തിരിക്ക
ത്തക്കവിധം പ്രഭാവത്തിൽ വരുന്നുവെങ്കിൽ വാങ്ങുന്നവന്
നികുതിയിൽ കുറവു ചെയ്യുകയോ ഇളവു ചെയ്യുകയോ
ചെയ്തതിന് തുല്യമായ തുക കാൺട്രാക്ററ് വിലയിൽ
നിന്ന് കുറവുചെയ്യാവുന്നതും, അങ്ങനെ കുറവു ചെയ്ത
തുക നല്കുവാൻ അയാൾ ബാദ്ധ്യസ്ഥനാകുന്നതോ, അതിനോ
അതു സംബന്ധിച്ചോ അയാളുടെമേൽ വ്യവഹാരം ബോധി
പ്പിക്കുവാൻ പാടുള്ളതോ അല്ലാത്തതും,
ആകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ താഴെ പറയുന്ന നികുതികൾക്ക് ബാധകമാകുന്നു. അതായത്—

(ക) സാമാനങ്ങളിൻമേലുള്ള ഏതെങ്കിലും എക്സൈസ ഡ്യൂട്ടിയോ കസ്റ്റംസ് ഡ്യൂട്ടിയോ ;

(ഖ) സാമാനങ്ങളുടെ വില്പനയിൻമേലോ വാങ്ങലിൻമേലോ ഉള്ള ഏതെങ്കിലും നികുതി.

65. റദ്ദാക്കൽ :— റദ്ദാക്കൽ ആക്റ്റ്, 1938-ലെ (1938-ലെ 1) 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.

66. ഒഴിവാക്കൽ :— (1) ഈ ആക്റ്റിലേയോ ഇതിനാൽ ചെയ്യപ്പെട്ട ഏതെങ്കിലും റദ്ദാക്കലിലേയോ യാതൊന്നും—

(ക) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ് ആർജ്ജിച്ചതോ, സിദ്ധിച്ചതോ അല്ലെങ്കിൽവന്നു ചേർന്നതോ ആയ ഏതെങ്കിലും അവകാശത്തേയോ അവകാശതെളിവിനേയോ അവകാശബന്ധത്തേയോ കടപ്പാടിനേയോ അല്ലെങ്കിൽ ബാദ്ധ്യതയേയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തേയോ അവകാശതെളിവിനേയോ, അവകാശബന്ധത്തേയോ കടപ്പാടിനേയോ അല്ലെങ്കിൽ ബാദ്ധ്യതയേയോ സംബന്ധിച്ച ഏതെങ്കിലും നിയമപരമായ നടപടിയേയോ, നിവൃത്തി മാർഗ്ഗത്തേയോ ; അല്ലെങ്കിൽ

(ഗ) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് ചെയ്തതോ സഹിച്ചതോ ആയ ഏതിനെയെങ്കിലുമോ ; അല്ലെങ്കിൽ

(ഘ) സാമാനങ്ങളുടെ വില്പന സംബന്ധിച്ച ഈ ആക്റ്റിനാൽ പ്രകടമായി റദ്ദാക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും അധിനിയമത്തേയോ ; അല്ലെങ്കിൽ

(ങ) നിയമത്തിലെ ഈ ആക്റ്റിന് അസംഗതമല്ലാത്ത ഏതെങ്കിലും ചട്ടത്തേയോ ;

ബാധിക്കുന്നതോ ബാധിക്കുന്നതായി കരുതപ്പെടുന്നതോ അല്ല.

(2) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സാമാനങ്ങളുടെ വില്പനയ്ക്കുള്ള കാൺട്രാക്റ്റുകൾക്ക്, അവയെ സംബന്ധിക്കുന്ന നിർദ്ധനത്വ ചട്ടങ്ങൾ തുടർന്ന് ബാധകമാകുന്നതാണ്.

(3) സ്ഥാവരപണയമോ പണയമോ ചാർജ്ജോ ഈടോ ആയി പ്രവർത്തിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഒരു വില്പന കാൺട്രാക്റ്റിന്റെ രൂപത്തിലുള്ള ഏതെങ്കിലും ഇടപാടിന് വില്പന കാൺട്രാക്റ്റുകൾ സംബന്ധിച്ച ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാവുന്നതല്ല.

---